# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വീയപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ/എ.എൽ.പി/പി.10/959/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 25/09/2025
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വീയപുരം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വീയപുരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വീയപുരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/എ.എൽ.പി/പി.10/959/2025 തീയ്യതി: 25/09/2025

## ആലപ്പുഴ ജില്ലയിലെ വീയപുരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ വീയപുരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2024 മുതൽ 30-06-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-07-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സജിതാ ദാസ് | ഡെപ്യൂട്ടി ഡയറക്ടർ | 10-07-2025 | 19-07-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-07-2025 | 19-07-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പുഷ്പരാജ് വി.കെ., ഓഡിറ്റ് ഓഫീസർ

ശ്രീ.ജോസഫ് ജോർജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.സുനിൽ കെ.ബി., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.സിജി ജോൺ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷീജാ സുരേന്ദ്രൻ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| സിന്ധു ബാലകൃഷ്ണൻ.വി | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വിജി.സി.എ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി.ശ്രീലത.കെ.കെ | ഹെഡ്മിസ്ട്രസ് | 01-04-2024 | 31-03-2025 |
| ഡോ.മോൾ എലിസബത്ത് തോമസ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2024 | 31-03-2025 |
| ഡോ.ധന്യ.ആർ.തങ്കം | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2024 | 31-03-2025 |
| ഡോ.കൃഷ്ണരാജ് | വെറ്റിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീമതി.അഷില വിജയൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ശ്രീ.സൂരജ്.സി.ജെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 10-09-2024 |
| ശ്രീമതി.ഷീജ.എൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 11-09-2024 | 31-03-2025 |
| ശ്രീ.ശരത് ബാബു.ആർ | വി.ഇ.ഒ, പായിപ്പാട് സർക്കിൾ | 01-04-2024 | 31-03-2025 |
| അനീഷ്.എം.എച്ച് | വി.ഇ.ഒ, വീയപുരം സർക്കിൾ | 01-04-2024 | 31-03-2025 |
| ശ്രീമതി.അനുജ.വി.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 11-04-2024 |
| ശ്രീമതി.ശ്രീകല | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12-04-2024 | 05-08-2024 |
| ശ്രീമതി.അമൃതലക്ഷ്മി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 06-08-2024 | 04-10-2024 |
| ശ്രീമതി.അജിത.വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 05-10-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | റേഷ്യോസ്, നോട്സ് ടു അക്കൗണ്ട്സ് എന്നിവ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ബാങ്ക് ബുക്കിലെ നീക്കിയിരിപ്പ്- ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | പെൻഷൻ കോൺട്രിബ്യൂഷൻ - ബാധ്യത ക്രമീകരിക്കാതവശേഷിക്കുന്നു | 1-1-5 |
| 7 | വരവിനങ്ങളുടെ രജിസ്റ്ററുകളിൽ ഡി.സി.ബി രേഖപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | ബജറ്റ് തയ്യാറാക്കിയതിലെ ന്യൂനതകൾ | 1-2-1 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ | 1-4-1 |
| 12 | ഗ്രാന്റ് വിനിയോഗം (എ.സി.ആർ പ്രകാരം) | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമ പദ്ധതികൾ | 1-7 |
| 16 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 18 | ഓഡിറ്റ് ഇംപാക്ട് | 1-10 |
| 19 | ആശ്വാസകേന്ദ്രം - വാടക ഈടാക്കുന്നതിലെ അപാകതകൾ | 1-11 |
| 20 | തൊഴിൽനികുതി കൃത്യമായി ഈടാക്കുന്നില്ല | 1-12 |
| 21 | ലഭ്യമായ നികുതി യഥാസമയം രസീത് ചെയ്യാത്തതുമൂലം ടവറിന്റെ നികുതിയിനത്തിൽ വൻതുക കുടിശ്ശിക | 1-13 |
| 22 | കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിൽ തുക ഇല്ലാതെ രസീത് ഇഷ്യൂ ചെയ്യുന്നു | 1-14 |
| 23 | ക്യാൻസൽ ചെയ്യാത്ത രസീതുകൾ ക്യാൻസൽഡ് രസീത് റിപ്പോർട്ടിൽ ഉൾപ്പെട്ടിരിക്കുന്നു | 1-15 |
| 24 | വയോജനങ്ങൾക്ക് കട്ടിൽ- വാങ്ങിയ കട്ടിലുകൾ തൻവർഷം വിതരണം നടത്തിയില്ല | 1-16 |
| 25 | വാങ്ങലുകൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ | 1-17 |
| 26 | ഗ്രാമപഞ്ചായത്ത് വാഹനം-ഇന്ധനം നിറയ്ക്കുന്നതിലെയും തുക അനുവദിച്ചതിലെയും അപാകതകൾ | 1-18 |

| | | |
|---|---|---|
| 27 | പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ - പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല | 1-19 |
| 28 | മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് പുനരധിവാസ കേന്ദ്രം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-20 |
| 29 | ഹോമിയോ ആശുപത്രിയ്ക്ക് മരുന്നുകൾ ലഭ്യമായിട്ടില്ല | 1-21 |
| 30 | ഹരിത സഹായ സ്ഥാപനത്തിന് കരാർ തുക നൽകിയത് ടിഡിഎസ് ഈടാക്കാതെ | 1-22 |
| 31 | ഗവ.എൽ.പി സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം- അപാകങ്ങൾ | 1-23 |
| 32 | മെൻസ്ട്രുവൽ കപ്പ് -സ്റ്റോക്കിലും, വിതരണത്തിലും അപാകതകൾ | 1-24 |
| 33 | മരാമത്ത് പ്രവൃത്തികളിൽ നിയമാനുസൃത ഇൻഷുറൻസ് കവറേജ് എടുത്തിട്ടില്ല | 1-25 |
| 34 | മൃഗാശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ -കുറഞ്ഞ കാലാവധിയുള്ള മരുന്നുകൾ വാങ്ങി | 1-26 |
| 35 | എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -അനുവദനീയമായ സ്കോളർഷിപ്പ് തുക നൽകിയിട്ടില്ല | 1-27 |
| 36 | പായിപ്പാട് ജലോത്സവ പവലിയനിൽ ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മാണം -തുടർ പരിപാലനം സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല | 1-28 |
| 37 | ഗ്രേ വാട്ടർ മാനേജ്മെന്റ് -വിവിധ സ്ഥാപനങ്ങളിൽ സെപ്റ്റിക് ടാങ്കും സോക്ക് പിറ്റ് സ്ഥാപിക്കലും-പദ്ധതി നടപ്പാക്കിയതിലെ അപാകങ്ങൾ | 1-29 |
| 38 | സമഗ്രശിക്ഷ കേരള (എസ്.എസ്.കെ) വിഹിതം നൽകൽ- പ്രോജക്ട് തയ്യാറാക്കുന്നതിൽ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 1-30 |
| 39 | ലൈഫ് മിഷൻ -കരാർ കാലാവധി കഴിഞ്ഞും പൂർത്തീയാകാതെ ലൈഫ് ഭവന നിർമ്മാണം | 1-31 |
| 40 | ജില്ലാപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനത്തിൽ മരാമത്ത് പ്രവൃത്തികൾ- അനുമതി തേടാതെ തുക ചെലവഴിച്ചു | 1-32 |
| 41 | ഈടാക്കിയ കാലിവീപ്പയുടെ വിലയും ജി.എസ്.ടിയും നിശ്ചിത ഫണ്ടുകളിലേയ്ക്ക് തിരിച്ചടച്ചിട്ടില്ല | 1-33 |
| 42 | ഫെസ്റ്റിവൽ അഡ്വാൻസ് തുക തിരികെ ലഭ്യമായിട്ടില്ല | 1-34 |
| 43 | തെറ്റായി ലഭ്യമായ തുക തിരികെ നല്കിയിട്ടില്ല | 1-35 |
| 44 | വെള്ളക്കരം കുടിശികയും പൈനും വർദ്ധിക്കുന്നു | 1-36 |
| 45 | ഹെൽത്ത് ഗ്രാന്റ് - അവലോകനം | 1-37 |
| 46 | ജൽജീവൻ പദ്ധതി- അവലോകനം | 1-38 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | മെഡിസെപ്പ് | 4-1 |

| | | |
|---|---|---|
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 16.06-2025-ലെ കമ്മറ്റി 6(1)-ാം നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 19.06.2025 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വീയപുരം ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2025 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി വീയപുരം ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

### 1-1-1 റേഷ്യോസ്, നോട്സ് ടു അക്കൗണ്ട്സ് എന്നിവ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ്(അക്കൌണ്ട്സ്) ചട്ടങ്ങൾ, 2011, 62(2)(എഫ്)പ്രകാരമുള്ള റേഷ്യോസ്, നോട്സ് ടു അക്കൗണ്ട്സ് എന്നിവ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2/11.07.2025) റേഷ്യോസ് നിലവിലുള്ള സോഫ്റ്റ്‌വെയറിൽ ഇല്ലായെന്നും ഇവ വരുന്ന വർഷങ്ങളിൽ ഉൾപ്പെടുത്തി നല്കുന്നതാണെന്നും മറുപടി നല്കി. വരും വർഷങ്ങളിൽ റേഷ്യോസ്, നോട്സ് ടു അക്കൗണ്ട്സ് എന്നിവ വാർഷികകണക്കിൽ ഉൾപ്പെടുത്തി നല്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ ആകെ ക്യാഷ് ഫ്ലോയും (₹1240779/-) അതേ പത്രികയിലെ മുന്നിരുപ്പും നീക്കിയിരുപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും [(-)₹6574569/-] പൊരുത്തപ്പെടുന്നില്ല. തുകകൾ തുല്യമല്ലാത്തതിനാൽ ഈ പത്രികയുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2 തീ.11.07.2025) ക്യാഷ് ഫ്ലോ ഓട്ടോ ജനറേറ്റഡ് ആണെന്ന് മറുപടി നല്കി. ക്യാഷ് ഫ്ലോ പത്രികയിലെ ന്യൂനത പരിഹരിക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തേണ്ടതാണ്.

## 1-1-3 ബാങ്ക് ബുക്കിലെ നീക്കിയിരിപ്പ്- ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല

Federal Bank 15th CFC Grant Haripad എന്ന ബാങ്ക് അക്കൗണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്നത് 13,80,308/-രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-17, റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-40(b) എന്നിവ പ്രകാരം നീക്കിയിരിപ്പ് 13,69,808/-രൂപയാണ്. കൂടാതെ ഈ അക്കൗണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Credited By Bank എന്നതിനു കീഴെ താഴെപ്പറയുന്ന തുകകൾ നല്കിയിരിക്കുന്നു.

| ക്രമ നം. | തീയതി | തുക |
|---|---|---|
| 1 | 31.03.2025 | 3,780 |
| 2 | 30.06.2024 | 16,670 |
| 3 | 31.03.2024 | 3,210 |

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 57 പ്രകാരം ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസാവസാനവും ലഭിക്കുന്ന ബാങ്ക് സ്റ്റേറ്റ്മെന്റുകളുമായി ഒത്തുനോക്കി പൊരുത്തപ്പെടുത്തേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. സാമ്പത്തിക വർഷം അവസാനിച്ചിട്ടും മേൽ പട്ടികയിൽ ഉൾപ്പെട്ട തുകകൾ ക്രമീകരിക്കുന്നതിന് സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2 തീ.11.07.2025) 3,780/-രൂപ നല്കിയത് അടുത്ത സാമ്പത്തിക വർഷമാണെന്നും, അവശേഷിക്കുന്ന തുകകൾ തനത് ഫണ്ടിലേയ്ക്ക് മാറ്റിയിടേണ്ട തുകകളാണെന്നും മറുപടി നല്കി. മാസാവസാനം ലഭിക്കുന്ന ബാങ്ക് സ്റ്റേറ്റ്മെന്റുകളുമായി ഒത്തുനോക്കി യഥാസമയം പൊരുത്തപ്പെടുത്താത്തത് മൂലമാണ് ഈ തുകകൾ Directly Credited By Bank എന്നതിനു കീഴെ ഉൾപ്പെടുത്തേണ്ടി വന്നത്. ആയത് പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-1-4 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, വാടക, ലൈസൻസ്, കച്ചവടക്കാരുടെ തൊഴിൽ നികുതി തുടങ്ങി അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രി വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും രേഖപ്പെടുത്തിയിട്ടില്ല. 11.12.2024, 31.03.2025 തീയതികളിൽ മാത്രമെ ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയിട്ടുള്ളൂ. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2/11.07.2025) എല്ലാ മാസവും ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നതാണെന്ന് മറുപടി നല്കി.

## 1-1-5 പെൻഷൻ കോൺട്രിബ്യൂഷൻ - ബാധ്യത ക്രമീകരിക്കാതവശേഷിക്കുന്നു

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-9 പ്രകാരം 350110104-Employer Liability Pension Contribution Payable എന്ന ശീർഷകത്തിൽ 2,75,059/-രൂപ ബാധ്യത രേഖപ്പെടുത്തിയിരിക്കുന്നു. 2025 മാർച്ച് മാസ

ശമ്പളത്തിൽ ഇപ്രകാരം ഒരു ബാധ്യത രേഖപ്പെടുത്തി കാണുന്നില്ല. ഈ തുക മുൻവർഷം മുതൽ ബാധ്യതയായി നിലനില്ക്കപ്പെടുന്നതാണെന്ന് കാണുന്നു. തുക ക്രമീകരിക്കപ്പെടാത്തതിന്റെ കാരണം അറിയിക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2 തീ.11.07.2025) തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല. തുക ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-1-6 വരവിനങ്ങളുടെ രജിസ്റ്ററുകളിൽ ഡി.സി.ബി രേഖപ്പെടുത്തിയിട്ടില്ല

വസ്തു നികുതി ഒഴികെയുള്ള വരവിനങ്ങളുടെ രജിസ്റ്ററുകളിൽ ഡി.സി.ബി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈയിനങ്ങളിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ കൃത്യത പരിശോധിക്കാനാവുന്നില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2/11.07.2025) മറുപടി ലഭ്യമാക്കിയില്ല. രജിസ്റ്ററുകളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-2-1 ബജറ്റ് തയ്യാറാക്കിയതിലെ ന്യൂനതകൾ

ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകൾ യഥാർത്ഥ വരവ് ചെലവുകളുമായി പൊരുത്തപ്പെടുന്നില്ല. തൻവർഷത്തെ ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരവ് ചെലവുകളെക്കാൾ കുറഞ്ഞ തുകയാണ് റിവൈഡ്സ് ബജറ്റ് പ്രകാരമുള്ള ആകെ വരവ് ചെലവുകളായി രേഖപ്പെടുത്തിയിരിക്കുന്നത്. പല ഇനങ്ങൾക്കും ബജറ്റിൽ വകയിരുത്തിയതിനേക്കാൾ ഉയർന്ന തുക വാർഷിക കണക്കിൽ വരവ് ചെലവുകളായി ബുക്ക് ചെയ്യപ്പെട്ടിട്ടുണ്ട്. ബജറ്റും വാർഷിക കണക്കുകളും തമ്മിൽ താരതമ്യം സാധ്യമായ ചില ഇനങ്ങളിലെ വ്യത്യാസം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരമുള്ള തുക | വാർഷിക കണക്ക് പ്രകാരമുള്ള തുക | വ്യത്യാസം |
|---|---|---|---|
| Total Sale & Hire Charges | 35,000 | 1,00,885 | 65,885 |
| Income From Investments | 0 | 8,26,680 | 8,26,680 |
| Interest Earned | 1,05,850 | 1,80,720 | 74,870 |
| General Purpose Fund | 78,73,000 | 78,78,633 | 5,633 |
| Operations & Maintenance | 6,27,000 | 8,56,850 | 2,29,850 |
| Interest & Finance Charges | 0 | 569 | 569 |
| Decentralised Plan Programme Infrastructure Sector | 5,00,000 | 1,11,72,434 | 1,06,72,434 |
| Projects Not Included In Sector Division | 44,50,000 | 2,15,27,000 | 1,70,77,000 |
| Other Revenue Grants & Funds Revenue Expenses | 0 | 13,68,164 | 13,68,164 |
| Expenditure Of Transferred Institutions (Not Included Under Decentralised Plan Programme | 2,60,00,000 | 3,10,31,900 | 50,31,900 |

റിവൈസ്ഡ് ബജറ്റ് തയ്യാറാക്കിയപ്പോൾ പോലും യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കാനാകാത്തത് അഭികാമ്യമായ നടപടിയല്ല. ചെലവുകൾ പലതും ബജറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്താതെയാണ് നിർവ്വഹിച്ചിട്ടുള്ളത്. 2024-25 സാമ്പത്തിക വർഷത്തെ റിവൈസ്ഡ് ബജറ്റ് തയ്യാറാക്കിയതിൽ വന്ന ന്യൂനതയ്ക്ക് നിയമപരമായ പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-2 ബജറ്റ്

2024-25 വർഷത്തെ ബജറ്റ് 12.02.2024-ലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 22.03.2025-ലെ 2(1) നമ്പർ തീരുമാനപ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള

വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ്പ്രകാരം | ₹9,50,87,250/- | ₹9,26,76,000/- |
| വാർഷികകണക്ക്പ്രകാരം (ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്പ്രകാരം) | ₹10,36,66,602/- | ₹10,30,94,771/- |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹84,44,245/- |
| വരവ് | ₹3,90,06,135/- |
| ആകെ | ₹4,74,50,380/- |
| ചെലവ് | ₹3,24,31,566/- |
| നീക്കിയിരിപ്പ് | ₹1,50,18,814/- |

## 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റും യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ താഴെപറയും പ്രകാരമുള്ള പൊരുത്തക്കേടുകൾ ഉള്ളതായി കാണുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വികസന ഫണ്ട് (ജനറൽ, എസ്.സി.പി) എന്നീ ഫണ്ടുകളുടെ സോഴ്സിൽ നിന്നും കുറവ് ചെയ്ത തുക വരവിലെടുക്കാതെ ചെലവിൽ കാണിച്ചതു മൂലം ഈയിനങ്ങളുടെ വരവ്, ബാലൻസ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു.

1. വികസന ഫണ്ട് (ജനറൽ)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| വരവ് | 72,06,266/- | 90,96,000/- |
| ചെലവ് | 90,26,000/- | 90,26,000/- |
| നീക്കിയിരിപ്പ് | (-)18,19,734/- | 70,000/- |

2. വികസന ഫണ്ട് (എസ്.സി.പി.)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| വരവ് | 32,76,008/- | 39,86,000/- |
| ചെലവ് | 38,80,421/- | 38,80,421/- |
| നീക്കിയിരിപ്പ് | (-)6,04,413/- | 1,05,579/- |

ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റിന്റെ മുൻബാക്കി, പലിശയിനത്തിൽ ലഭിച്ച തുക എന്നിവ വരവിൽ ഉൾപ്പെടുത്താതിരുന്നതു മൂലവും, വരവിലും, ചെലവിലും നീക്കിയിരിപ്പിലും വ്യത്യാസം വന്നിട്ടുണ്ട്.

3. ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| മുന്നിരിപ്പ് | 0 | 61,940/- |
| വരവ് | 15,32,155/- | 15,32,155/- |
| പലിശ | 0 | 58,278/- |
| ആകെ | 15,32,155/- | 16,52,373/- |
| ചെലവ് | 15,18,608/- | 15,18,608/- |
| നീക്കിയിരിപ്പ് | 13,547/- | 1,33,765/- |

## 1-4 ഗ്രാന്റ് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | (സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെ) | | (സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെ) | |
| വികസന ഫണ്ട് (ജനറൽ) | 0 | 90,96,000 | 90,96,000 | 90,26,000 | 70,000 (ലാപ്സായി) |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 39,86,000 | 39,86,000 | 38,80,421 | 1,05,579 (ലാപ്സായി) |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 72,72,000 | 72,72,000 | 65,48,683 | 7,23,317 (ലാപ്സായി) |
| മെയിന്റനൻസ്ഗ്രാന്റ് (നോൺ റോഡ്) | 0 | 43,59,000 | 43,59,000 | 43,33,028 | 25,972 (ലാപ്സായി) |
| പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 34,03,500 | 34,03,500 | 22,08,080 | 11,95,420 (നീക്കിയിരിപ്പ്) |
| പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 61,940 | 15,90,433 | 16,52,373 | 15,18,608 | 1,33,765 (നീക്കിയിരിപ്പ്) |
| പതിനഞ്ചാം ഹെൽത്ത് സെക്ടർ ഗ്രാന്റ് -സ്കീം -3 രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 1,82,116 | 2,67,918 | 4,50,034 | 1,71,766 | 2,78,268 (നീക്കിയിരിപ്പ്) |
| പതിനഞ്ചാം ഹെൽത്ത് സെക്ടർ ഗ്രാന്റ് -സ്കീം -4 ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ | 80,927 | 4,49,992 | 5,30,919 | 76,497 | 4,54,422 (നീക്കിയിരിപ്പ്) |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | അടങ്കൽ | പൂർണ്ണമായും നടപ്പാക്കിയ പദ്ധതികൾ | ചെലവ് | ഭാഗികമായി നടപ്പാക്കിയ പദ്ധതികൾ | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 153 | 9,78,56,391 | 113 | 4,78,05,394 | 10 | 30 | 73.86% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 496 | 12,59,634 | 12,60,130 | 12,57,444 | 2,686 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 2,15,27,000 | 2,15,27,000 | 2,15,27,000 | - |
| ആകെ- | 496 | 2,27,86,634 | 2,27,87,130 | 2,27,84,444 | 2,686 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 61,55,200 | 393 |
| വിധവാ പെൻഷൻ | 73,14,200 | 476 |
| വാർദ്ധക്യകാല പെൻഷൻ | 1,51,73,700 | 1053 |
| വികലാംഗ പെൻഷൻ | 21,95,200 | 141 |
| അവിവാഹിത പെൻഷൻ | 1,93,600 | 11 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.07.2025 ന് 3.00 മണിക്ക് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 2,900/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

വിവിധ മേഖലകളിലെ പ്രവർത്തനങ്ങളിൽ മികവ് കൊണ്ടുവരാൻ ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന് സാധിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

1. സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഹെഡ് ക്ലാർക്ക്, അക്കൗണ്ടന്റ്, 3 സീനിയർ ക്ലാർക്ക്, 2 ക്ലാർക്ക്, 1 ഓഫീസ് അറ്റൻഡന്റ്, 1 പാർട്ട് ടൈം സ്വീപ്പർ (താത്കാലികം) എന്നിവർ ഉൾപ്പെടുന്നതാണ് ഓഫീസ് സംവിധാനം. ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവ് മുഖേന വിഭജിച്ച് നൽകിയിട്ടുണ്ട്. അതത് സമയങ്ങളിലെ ജോലികൾ നിർവ്വഹിക്കുന്നതിനായി പ്രത്യേകമായും ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. തൻവർഷം 24 ഉത്തരവുകൾ ഇപ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

2. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുന്നുണ്ട്. തനത് വരുമാനത്തിലുള്ള കുറവ് മൂലം നിത്യനിദാന ചെലവുകൾക്ക് ബുദ്ധിമുട്ടുന്ന ഗ്രാമ പഞ്ചായത്തിൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്സ് പരിശോധിച്ചതിൽ യോഗങ്ങളിൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയോ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഭരണ സമിതിക്ക് ശുപാർശകൾ നൽകുകയോ ചെയ്തിട്ടില്ലായെന്ന് വ്യക്തമാകുന്നു.

3. തൻവർഷം മൂന്ന് തവണ പ്രൊക്യൂർമെന്റ് കമ്മറ്റി യോഗം ചേർന്നിട്ടുണ്ട്. ലഭ്യമായ ടെണ്ടറുകൾ അംഗീകരിക്കുക മാത്രമാണ് പ്രൊക്യൂർമെന്റ് കമ്മറ്റി ചെയ്തിട്ടുള്ളത്. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

4. വാർഷിക പദ്ധതി ആസൂത്രണപ്രക്രിയയിൽ കാര്യമായ പുരോഗതി കൈവരിച്ചിട്ടില്ല. നൂതനമായ പ്രോജക്ടുകൾ ആവിഷ്ക്കരിക്കുന്നതിനും സബ്സിഡികൾ അനുവദിക്കുന്നതിനും പുതുക്കിയ പദ്ധതി മാർഗരേഖകളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ആവർത്തന ശൈലിയിലുള്ള പ്രോജക്ടുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓഡിറ്റ് വർഷവും ശ്രദ്ധ പതിപ്പിച്ചിട്ടുള്ളത്.

5. ഭരണ സമിതി, സ്റ്റാന്റിംഗ് കമ്മറ്റി മിനിട്സുകൾ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറിയിട്ടുണ്ട്.

6. ജനറൽ-കമ്പ്യൂട്ടർ ഹാർഡ്‌വെയർ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

7. ഗ്രാമ പഞ്ചായത്തിന് 2022 ജനുവരി മുതൽ 3 വർഷക്കാലത്തേയ്ക്ക് ISO അംഗീകാരം ലഭിച്ചിരുന്നു. 06.01.2025 വരെയായിരുന്നു അംഗീകാരത്തിന്റെ കാലാവധി. തുടർന്ന് ആയത് സമയബന്ധിതമായി പുതുക്കിയതായി കാണുന്നില്ല.

8. പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ ഭീമമായ തുക കുടിശിക നിലനില്ക്കുന്നു. നിലവിലുള്ള ടാപ്പുകൾ സംബന്ധിച്ച് വ്യക്തമായ ധാരണയില്ലാത്തതും 2023 ജൂലൈ മാസത്തിനു ശേഷം പ്രതിമാസ വാട്ടർ ചാർജ് ഒടുക്കാത്തതിനാലും പഞ്ചായത്തിന് അധിക ചെലവ് വരുത്താനിടയാക്കുന്നു.

9. നിത്യനിദാന ചെലവുകൾക്ക് ബുദ്ധിമുട്ടുന്ന പഞ്ചായത്ത് സ്വന്തമായി വാഹനം വാങ്ങിയത് തനത് ചെലവുകളിൽ കാര്യമായ വർദ്ധനവുണ്ടാക്കിയിട്ടുണ്ട്. തനത് വരുമാനം വളരെ കുറവായ പഞ്ചായത്തെന്ന നിലയിൽ സർക്കാർ മാർഗനിർദേശങ്ങൾ പാലിച്ച് വാഹനം വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്നതായിരുന്നു അഭികാമ്യം.

10. വസ്തു നികുതി ഡിമാന്റ് രജിസ്റ്ററുകളിൽ പുതുതായി നടത്തിയ ഡേറ്റാ കളക്ഷൻ അനുസരിച്ചുള്ള രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. വരവിനങ്ങളുടെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. രജിസ്റ്ററുകളിലൊന്നും ഡി.സി.ബി തയ്യാറാക്കി രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് വാഹനത്തിന്റെ ലോഗ്ബുക്കിലെ രേഖപ്പെടുത്തലുകളും കൃത്യമല്ല.

പരിമിതമായ സാഹചര്യങ്ങളിലും പഞ്ചായത്തിന് 2023-24 വർഷത്തെ മികച്ച പഞ്ചായത്തിന് നല്കുന്ന സ്വരാജ് പുരസ്കാരത്തിൽ (സ.ഉ(സാധാ)നം.488/2025/LSGD തീയതി 17.02.2025) ജില്ലാ തലത്തിൽ രണ്ടാം സ്ഥാനം ലഭിച്ചിട്ടുണ്ടെന്നുള്ളത് അഭിനന്ദനാർഹമാണ്. ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-10 ഓഡിറ്റ് ഇംപാക്റ്റ്

1. കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എ.എം.സി-ആദായ നികുതി ഈടാക്കി

1961 ലെ ആദായ നികുതി നിയമം സെക്ഷൻ 194 (സി) പ്രകാരം ഒരു സാമ്പത്തിക വർഷം ആകെ 1,00,000/- രൂപയ്ക്ക് മുകളിലോ ഒറ്റത്തവണ 30,000 രൂപയ്ക്ക് മുകളിലോ ഒരു കോൺട്രാക്ടർക്ക് പ്രതിഫലം നൽകുന്ന പ്രവൃത്തികളിൽ വ്യക്തികൾ/ഹിന്ദു അവിഭക്ത കുടുംബങ്ങൾ എന്നിവരിൽ നിന്നും 1% നിരക്കിലും മറ്റുള്ളവരിൽ നിന്നും 2% നിരക്കിലും സ്രോതസ്സിൽ ആദായനികുതി കുറവ് ചെയ്യേണ്ടതാണ്. 2024-25 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എ.എം.സി (പ്രോജക്റ്റ് നം.S0017/25) എന്ന പദ്ധതി പ്രകാരം കെൽട്രോണിന് ₹61,950/- നൽകിയിരുന്നു. പ്രസ്തുത സ്ഥാപനത്തിന് തുക നല്കിയപ്പോൾ സ്രോതസ്സിൽ നികുതി കുറവ് ചെയ്തിരുന്നില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.4 തീ.14.07.2025) നല്കിയതിനെ തുടർന്ന് ആകെ വേലമൂല്യമായ 52,500/-രൂപയുടെ 2% തുകയായ 1,050/-രൂപ 18.07.2025-ലെ 478596 നമ്പർ ചെക്ക് പ്രകാരം പഞ്ചായത്തിൽ ഒടുക്കിയതായി മറുപടി ലഭ്യമാക്കി.

2. വിവിധ സ്ഥാപനങ്ങളിൽനിന്ന് തൊഴിൽനികുതി ഈടാക്കി.

വീയപുരം ഗ്രാമപഞ്ചായത്തിലെ തൊഴിൽനികുതി രജിസ്റ്റർ പ്രകാരം വിവിധ സ്ഥാപനങ്ങൾ സ്ഥാപനതൊഴിൽനികുതിയും ജീവനക്കാരുടെ തൊഴിൽനികുതിയും അടവാക്കിയിരുന്നില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് (നം.1/10.7.2025) താഴെപ്പറയുന്ന സ്ഥാപനങ്ങളിൽനിന്നും തൊഴിൽനികുതി ഈടാക്കി അറിയിച്ചു.

ജീവനക്കാരുടെ തൊഴിൽനികുതി അടവാക്കിയത്.

| സ്ഥാപനം | രസീത് നം. | തുക |
|---|---|---|
| വീയപുരം നോർത്ത് KUCS 183A | 25000458/14.7.25 | 600 |
| കുടുംബശ്രീ. സി.ഡി.എസ്. | 25000460/14.7.25 | 1,000 |
| കൊല്ലംമുറി ഫിനാൻസ് | 25000457/14.7.25 | 1,500 |
| മേൽപ്പാടം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് 1823 | 25000440/8.7.25 | 1,250 |
| ആകെ | | 4,350 |

സ്ഥാപനതൊഴിൽനികുതി അടവാക്കിയത്.

| ക്രമ നം. | സ്ഥാപനം | രസീത് നം. | തുക |
|---|---|---|---|
| 1 | മാവേലി സൂപ്പർ സ്റ്റോർ, വീയപുരം | 25000459/14.7.25 | 1,250 |
| 2 | മേൽപ്പാടം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് 1823 | 25000440/8.7.25 | 1,250 |
| 3 | കൊല്ലംമുറി ഫിനാൻസ് | 25000457/14.7.25 | 1,250 |
| 4 | എസ്.ബി.ഐ. മേൽപ്പാടം | 25000461/14.7.25 | 1,250 |

| | | | |
|---|---|---|---|
| | | ആകെ | 5,000 |

## 1-11 ആശ്വാസകേന്ദ്രം - വാടക ഈടാക്കുന്നതിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആശ്വാസകേന്ദ്രം എന്ന കെട്ടിടം വിവിധ പരിപാടികൾക്കായി നടത്തുന്നതിനായി വാടകയ്ക്ക് നല്കി വരുന്നുണ്ടെങ്കിലും ആകെ 3,000/- രൂപ മാത്രമാണ് തൻവർഷം വാടകയിനത്തിൽ ലഭിച്ചിട്ടുള്ളത്. തൻവർഷം വിവിധ സംഘടനകൾ, രാഷ്ട്രീയപാർട്ടികൾ, വ്യക്തികൾ എന്നിവർക്ക് നല്കിയിട്ടുണ്ടെങ്കിലും വാടകയൊന്നും തന്നെ ലഭിച്ചതായി കാണുന്നില്ല.

ഉദാ :-

12.6. 2024 – അയ്യങ്കാളി ചരമദിന ഓർമ്മപ്പെടുത്തൽ

11.7.2024 – രാഷ്ട്രീയപാർട്ടി മീറ്റിംഗ്

21.8.2024 – വിശ്വകർമ്മ സൊസൈറ്റി

21.10.2024 – രാഷ്ട്രീയ പാർട്ടി പഠനക്ലാസ്

ആശ്വാസ കേന്ദ്രം വാടകയ്ക്ക് നല്കുന്നതിനായുള്ള ബൈലോ, കമ്മിറ്റി തീരുമാനം എന്നിവയും നിശ്ചയിച്ച വാടക നിരക്ക്, ആർക്കൊക്കെയാണ് വാടക ഒഴിവാക്കിയിട്ടുള്ളത് എന്നീ വിവരങ്ങളും ഹാജരാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21/17.7.2025) മറുപടി ലഭ്യമാക്കിയില്ല. തനത് വരുമാനം വളരെ കുറവായ പഞ്ചായത്തിന് വ്യക്തമായ ബൈലോയുടെയും വാടകനിരക്കിന്റെയും അടിസ്ഥാനത്തിൽ ആശ്വാസകേന്ദ്രം വാടകയ്ക്ക് നല്കി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ വാടക മുൻകൂർ വാങ്ങി ബുക്ക് ചെയ്യുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-12 തൊഴിൽനികുതി കൃത്യമായി ഈടാക്കുന്നില്ല

വീയപുരം ഗ്രാമപഞ്ചായത്തിലെ തൊഴിൽനികുതി രജിസ്റ്റർ പ്രകാരം ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയതിൽ വിവിധ അപാകതകൾ കാണുകയുണ്ടായി.

1) താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരുടെയും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം | 1-ാംഅർദ്ധവർഷം | 2-ാം അർദ്ധവർഷം |
|---|---|---|---|
| 1 | സെന്റ് മേരീസ് യു.പി.എസ്., കാരിച്ചാൽ | പ്രധാന അദ്ധ്യാപികയുടേത് മാത്രം | പ്രധാന അദ്ധ്യാപികയുടേത് മാത്രം |
| 2 | സെന്റ് ജോർജ് എൽ.പി.എസ്. | -- | -- |
| 3 | എം.റ്റി.എൽ.പി.എസ്., മേപ്പാടം | പ്രധാന അദ്ധ്യാപികയുടേത് മാത്രം | പ്രധാന അദ്ധ്യാപികയുടേത് മാത്രം |
| 4 | സെന്റ് കുര്യാക്കോസ് യു.പി.എസ്. | പ്രധാന അദ്ധ്യാപികയുടേത് മാത്രം | പ്രധാന അദ്ധ്യാപികയുടേത് മാത്രം |
| 5 | യു.പി.എസ്. പായിപ്പാട് | യു.പി.എസ്.എ. ഇൻ-ചാർജിന്റേത് മാത്രം | എച്ച്.എം. & ഓഫീസ് അറ്റൻഡന്റ് |
| 6 | തിരുവിതാംകൂർ ദേവസം ബോർഡ്, ഹരിപ്പാട് | 4 ശാന്തി<br>1 കഴകം | 7 ശാന്തി<br>4 കഴകം |
| 7 | റേഷൻ കടകൾ | 1 | - |

മേൽ സൂചിപ്പിച്ചതിൽ ക്രമ നം. 1 മുതൽ 5 വരെയുള്ള സ്കൂളുകളിൽ നിന്നും ആകെ ഒരു ജീവനക്കാരന്റെ

തൊഴിൽനികുതി മാത്രമാണ് അടവാക്കിയിട്ടുള്ളത്. മേൽ സ്ഥാപനങ്ങളിൽ ദിവസ വേതനാടിസ്ഥാനത്തിലോ കരാറടിസ്ഥാനത്തിലോ ജോലി ചെയ്യുന്ന ജീവനക്കാരോ മറ്റ് സ്ഥിരം ജീവനക്കാരോ ഉണ്ടെങ്കിൽ അവരിൽ നിന്നും തൊഴിൽനികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ക്രമ നം.6-ൽ രണ്ട് അർദ്ധവർഷത്തെയും ജീവനക്കാരുടെ എണ്ണത്തിൽ വ്യത്യാസം കാണുന്നു. ഗ്രാമപഞ്ചായത്തിലുള്ള റേഷൻകടകളിൽ ഒരെണ്ണം മാത്രം (ക്രമ നം.7) ആദ്യ അർദ്ധവർഷത്തെ തൊഴിൽനികുതി അടവാക്കിയതായി കാണുന്നു. ടി സ്ഥാപനത്തിന്റെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. മറ്റ് റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായും കാണുന്നില്ല.
മേൽ സ്ഥാപനങ്ങളിൽ നിന്നും തുക ഈടാക്കി അറിയിക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് (നം.1/10.7.2025) സ്ഥാപനങ്ങൾക്ക് നോട്ടീസ് നല്കിയിട്ടുള്ളതായും ഈടാക്കി അറിയിക്കുന്നതാണെന്നും ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കി.

2. 2024-25 വർഷം ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ, എൻ.ആർ.ഇ.ജി.എസ് അക്രഡിറ്റഡ് എഞ്ചിനീയർ എന്നിവർ നിർവ്വഹണം നടത്തിയ വിവിധ കരാർ ജോലികൾ ഏറ്റെടുത്തിട്ടുള്ള താഴെപ്പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.
1. ഹരിപ്പാട് ലേബർ കോൺട്രാക്ട് സൊസൈറ്റി ലി.
2. പി.ഷൈൻ, കാവിൽ
3. ഷാനവാസ് എ.
4. ശ്രീനാഥ് പി.വി.
5. സോജൻ സേവ്യർ
6. കെ.പ്രസന്നൻ
7. ജോൺ വർഗ്ഗീസ്
8. ശ്രീലത
9. ബാലകൃഷ്ണൻ
മേൽ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി ഓഡിറ്റിൽ രേഖാമൂലം അറിയിക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/10.7.2025) ലഭ്യമാക്കിയ മറുപടിയിൽ പ്രസന്നൻ കെ., ഷൈൻ, യോഹന്നാൻ എന്നീ കരാറുകാർ മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ തൊഴിൽനികുതി അടവാക്കിയിട്ടുണ്ടെന്നും മറ്റുള്ളവർക്ക് തൊഴിൽനികുതി അടവാക്കുന്നതിന് നിർദ്ദേശം നല്കിയെന്നുമാണ് അറിയിച്ചത്.
ക്രമ നം.1 -ൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിൽനിന്നും ജീവനക്കാരിൽനിന്നും ക്രമ നം.2-ൽ സൂചിപ്പിച്ചിട്ടുള്ള തൊഴിൽ നികുതി അടവാക്കാത്ത കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതും, മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ തൊഴിൽനികുതി അടവാക്കിയിട്ടുള്ള കരാറുകാർ തൊഴിൽ നികുതി ഒടുക്കിയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

## 1-13 ലഭ്യമായ നികുതി യഥാസമയം രസീത് ചെയ്യാത്തതുമൂലം ടവറിന്റെ നികുതിയിനത്തിൽ വൻതുക കുടിശ്ശിക

ഗ്രാമപഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള ഡേറ്റ പ്രകാരം ബി.എസ്.എൻ.എൽ.-ന്റെ ഉടമസ്ഥതയിലുള്ള 13/125 എന്ന കെട്ടിട നമ്പറിലുള്ള മൊബൈൽ ടവറിന്റെ 2017 ആദ്യ അർദ്ധവർഷം മുതലുള്ള നികുതി കുടിശ്ശികയുണ്ട്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് (നം.13/15.7.2025) 2017ന ശേഷം അടവാക്കിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ഓഡിറ്റിൽ ഹാജരാക്കി.

| വർഷം | അടവാക്കേണ്ട നികുതി | അടവാക്കിയിട്ടുള്ളത്/തീയതി |
|---|---|---|
| 2017-18 | 6930 | 20.7.22 |
| 2018-19 | 6930 | 05.08.22 |
| 2019-20 | 6930 | 12.01.23 |
| 2020-21 | 6930 | 0 |
| 2021-22 | 6930 | 0 |
| 2022-23 | 6930 | 0 |

| | | |
|---|---|---|
| 2023-24 | 7277 | 16.03.24 |
| 2024-25 | 7641 | 12.03.25 |

ലഭ്യമായ മേൽ തുകകൾ ബന്ധപ്പെട്ട കെട്ടിട ഉടമയുടെ പേരിൽ രസീത് ചെയ്യാത്തതിനാലാണ് ഇപ്പോഴും വൻതുക കടിശ്ശികയായി കാണുന്നത്. കൂടാതെ 2020-21, 2021-22, 2022-23 എന്നീ വർഷങ്ങളിലെ തുകകൾ അടവാക്കാതെയാണ് തുടർന്നുള്ള വർഷങ്ങളിലെ തുകകൾ ഈടാക്കിയിട്ടുള്ളത്. കടിശ്ശിക തുക 20790/-(6930x3) രൂപ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കൂടാതെ ഈടാക്കുന്ന തുക കൃത്യമായി സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തേണ്ടതുമാണ്.

## 1-14 കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിൽ തുക ഇല്ലാതെ രസീത് ഇഷ്യൂ ചെയ്യുന്നു

ഗ്രാമപഞ്ചായത്തിലെ രസീത് പരിശോധനയിൽ ഡേബുക്കിൽ ചില രസീത് നമ്പറുകൾ ഉൾപ്പെടാത്തതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. പ്രസ്തുത രസീതുകളുടെ പ്രിന്റൌട്ട് പരിശോധിച്ചതിൽ തുകയൊന്നും തന്നെ രേഖപ്പെടുത്തിയതായും കണ്ടില്ല.

ഉദാ :- രസീത് നം. R-G040908-25000249/23.5.25

R-G040908-25000250/23.5.25

R-G040908-25000374/23.6.25

ഇപ്രകാരം തുകയൊന്നും വരാതെ രസീതുകൾ ഇഷ്യൂ ചെയ്യുന്നതു സംബന്ധിച്ചും മേൽ രസീത് നമ്പറുകൾ ഡേബുക്കിൽ ഉൾപ്പെടാത്തതു സംബന്ധിച്ചും നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/15.7.2025) സോഫ്റ്റ്‌വെയറിലെ അപാകതയാണെന്നും ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് IKMന് റിപ്പോർട്ട് ചെയ്തിട്ടുള്ളതായും മറുപടി ലഭ്യമാക്കി. ന്യൂനതകൾ പരിഹരിച്ച് ഐ.കെ.എമ്മിൽ നിന്നറിയിക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-15 ക്യാൻസൽ ചെയ്യാത്ത രസീതുകൾ ക്യാൻസൽഡ് രസീത് റിപ്പോർട്ടിൽ ഉൾപ്പെട്ടിരിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തികവർഷത്തെ ക്യാൻസൽഡ് രസീത് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ളതും Approved എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ താഴെപ്പറയുന്ന രസീതുകൾ അതത് ദിവസത്തെ ഡേ ബുക്കിൽ ഉൾപ്പെട്ടിട്ടുള്ളതും തുകകൾ ഗ്രാമപഞ്ചായത്തിൽ വരവ് വന്നിട്ടുള്ളതുമാണ്.

| രസീത് നം. | തുക | തീയതി | ക്യാൻസൽ ചെയ്ത കാരണം | രസീത് റിപ്പോർട്ട് |
|---|---|---|---|---|
| 1240100066 | 3002 | 22.4.24 | Printer Fault | Approved |
| 460 | 901 | 22.8.24 | ,, | ,, |
| 491 | 7000 | 29.8.24 | Amount Correction | ,, |
| 526 | 1250 | 6.9.24 | Printer Fault | ,, |
| 1420 | 31680 | 30.1.25 | ,, | Applied |
| 1472 | 374 | 10.2.25 | ,, | Approved |
| 1868 | 1533 | 20.3.25 | Wrong Description | ഒന്നും രേഖപ്പെടുത്തിയിട്ടില്ല. |

ഇപ്രകാരം വരവ് രേഖപ്പെടുത്തിയ രസീതുകൾ ക്യാൻസൽഡ് റിപ്പോർട്ടിൽ ഉൾപ്പെട്ടിരിക്കുന്നതിന്റെ കാരണം അന്വേഷിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/17.7.25) മറുപടി ലഭ്യമാക്കിയില്ല.

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-16 വയോജനങ്ങൾക്ക് കട്ടിൽ- വാങ്ങിയ കട്ടിലുകൾ തൻവർഷം വിതരണം നടത്തിയില്ല

| | |
|---|---|
| പ്രോജക്ട് നം. | S0072/25 |
| പദ്ധതിയുടെ പേര് | വയോജനങ്ങൾക്ക് കട്ടിൽ |
| നിർവ്വഹണം. | ഐസിഡിഎസ് സൂപ്പർവൈസർ |
| അടങ്കൽ | ₹5,08,950/- (വികസന ഫണ്ട്) |

| | |
|---|---|
| ചെലവ് | ₹1,29,195/- |
| ബിആർഎൻ നം. | 24070752007901271712 തീയതി 26.03.2025 |

ഐസിഡിഎസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ വയോജനങ്ങൾക്ക് കട്ടിൽ എന്ന പ്രോജക്ടിൽപ്പെടുത്തി 1,29,195/- രൂപ ചെലവഴിച്ച് ആർട്കോയിൽ നിന്നും 33 കട്ടിൽ വാങ്ങിയിട്ടുണ്ട്. എന്നാൽ ഇതിന്റെ സ്റ്റോക്ക് രജിസ്റ്റർ, വിതരണ രജിസ്റ്റർ എന്നിവ ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല. കട്ടിലുകൾ സ്റ്റോക്കിലെടുത്തതിന്റെയും ആയത് വിതരണം ചെയ്തതിന്റെയും രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (09/15.07.2025) ടി പ്രോജക്ട് പ്രകാരം വാങ്ങിയ കട്ടിലുകൾ 2024-25 വർഷം വിതരണം നടത്തിയിട്ടില്ലെന്നും, പ്രോജക്ട് സ്പിൽ ഓവറായി 2025-26 വർഷം ഉൾപ്പെടുത്തിയിട്ടുണ്ടെന്നും, ലഭ്യമായ കട്ടിലുകളുടെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സൂക്ഷിച്ചിട്ടുണ്ടെന്നും മറുപടി നൽകി. കട്ടിലുകൾ വിതരണം ചെയ്ത ശേഷം, വിവരം വിതരണ രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതാണെന്നും അറിയിച്ചു. എന്നാൽ 2024-25 വർഷം പ്രോജക്ട് രൂപീകരിച്ച് 33 ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത്, തൻവർഷം തന്നെ വാങ്ങിയ കട്ടിലുകൾ എന്തുകൊണ്ടാണ് നാളിതുവരെയും വിതരണം ചെയ്യാതിരുന്നത് എന്നതിന്റെ കാരണം മറുപടിയിൽ വ്യക്തമാക്കിയില്ല. കട്ടിലുകൾ വിതരണം നടത്തി രജിസ്റ്ററുകൾ കാലികമാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതു വരെ 1,29,195/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-17 വാങ്ങലുകൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ

| | |
|---|---|
| പ്രോജക്ട് നം. | S0075/25 |
| പദ്ധതിയുടെ പേര് | ബാലസൗഹൃദ പഞ്ചായത്ത്- ബാലസഭ പ്രവർത്തനങ്ങൾ |
| നിർവ്വഹണം. | ഐസിഡിഎസ് സൂപ്പർവൈസർ |
| അടങ്കൽ | ₹13,000/- (വികസന ഫണ്ട്) |
| ചെലവ് | ₹13,000/- |
| ബിആർഎൻ നം. | 24070752010301498680 തീയതി 11.03.2025 |

ഐസിഡിഎസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ടി പ്രോജക്ടിൽ ഉൾപ്പെടുത്തി, 13,000/- രൂപ സിഡിഎസ് ചെയർപേഴ്സന്റെ പേരിലുള്ള അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. രേഖകൾ പ്രകാരം ആകെ 50 കുട്ടികളാണ് ഈ ബാലസഭയിൽ പങ്കെടുത്തിട്ടുള്ളത്. ഇതിനായി താഴെ കൊടുത്ത പ്രകാരം ചെലവുകൾ നടത്തിയിട്ടുണ്ട്.

| ക്രമ നം. | വാങ്ങിയ സാധനങ്ങൾ | തുക |
|---|---|---|
| 1. | നോട്ട്ബുക്ക് 180x30 = 5400/-<br>പേന 45 X05=225/- | 5,625/- രൂപ |
| 2. | ചായ 50 X20 =1000<br>സ്നാക്സ് 50 X 20 =1000 | 2,000/- രൂപ |
| 3. | ഊണ് 50x 100= 5000 | 5,000/-രൂപ |
| 4. | പ്രിന്റിംഗ് | 375/- രൂപ |
| | ആകെ | 13,000/-രൂപ |

ജി.ഒ(പി) 112/2006/ഫിൻ. തീയതി 12.04.06 & ജിഒ(പി) 119/2015/ഫിൻ. തീയതി 21.03.15 പ്രകാരം 1,000/- രൂപയ്ക്ക് മുകളിലുള്ള ചെലവുകൾ ബാങ്ക്/ ചെക്ക് മുഖേന നടത്തണമെന്നിരിക്കെ, ഈ തുക മുഴുവൻ സിഡിഎസ് ചെയർപേഴ്സൺ പണമായാണ് ചെലവഴിച്ചിട്ടുള്ളത്. തന്നെയുമല്ല, 3 ഒഫീഷ്യൽസ് അടക്കം 53 പേർ മാത്രം പങ്കെടുത്ത പരിപാടിയ്ക്ക് 180 നോട്ട് ബുക്കുകൾ വാങ്ങിയതിന്റെ ഉദ്ദേശ്യവും വ്യക്തമല്ല. ഇതിനായി 3,810/- ൽ പരം തുക അധികമായി ചെലവഴിച്ചു. മുകളിൽ സൂചിപ്പിച്ച വിഷയങ്ങളിൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 16/16.07.2025) പങ്കെടുത്ത ഓരോ കുട്ടിയ്ക്കും 4 ബുക്ക് വീതം നൽകുന്നതിനാണ് ബുക്ക് വാങ്ങിയതെന്നും അപ്രകാരം നൽകിയിട്ടുണ്ടെന്നും മറുപടി നല്കി. എന്നാൽ ആയതിന്റെ രേഖകളൊന്നും തന്നെ ഹാജരാക്കിയിട്ടില്ല. ബില്ല് പ്രകാരം ആകെ 180 ബുക്ക് മാത്രമാണ് വാങ്ങിയിട്ടുള്ളത്. അതുകൊണ്ട് 4 ബുക്ക്

വീതം 50 പേർക്ക് നൽകുവാനും കഴിയില്ല. തന്നെയുമല്ല ഇതൊരു പഠന സാമഗ്രികൾ വിതരണം നടത്തുന്ന പദ്ധതിയുമല്ല. 4 നോട്ട്ബുക്കുകൾ വീതം വിതരണം ചെയ്തതിന്റെ ആവശ്യകതയും വിതരണം ചെയ്തതിന്റെ രേഖകളും ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്.

## 1-18 ഗ്രാമപഞ്ചായത്ത് വാഹനം-ഇന്ധനം നിറയ്ക്കുന്നതിലെയും തുക അനുവദിച്ചതിലെയും അപാകതകൾ

ഗ്രാമപഞ്ചായത്തിലെ Maruthi Ertiga Smart Hybrid VXI 1.5 L 6 ATവാഹനത്തിന്റെ (രജിസ്ട്രേഷൻ നം. KL 29W 4872) ലോഗ് ബുക്ക് പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. വാഹനത്തിന്റെ ഫയലിൽ സൂക്ഷിച്ചിട്ടുള്ള 02.2.24-ലെ GeM കോൺട്രാക്ടിന്റെയും 21.2.24-ലെ ടാക്സ് ഇൻവോയ്സിന്റെയും അടിസ്ഥാനത്തിലാണ് മേൽ വാഹനം (KL 29W 4872) വാങ്ങിയിട്ടുള്ളത്. GeM സ്റ്റേറ്റ്മെന്റ് പ്രകാരം ഈ വാഹനത്തിന് 20.03കി.മീ./ലി. മൈലേജ് ലഭിക്കേണ്ടതാണ്. എന്നാൽ വാഹനത്തിന്റെ ലോഗ് ബുക്ക് പ്രകാരം വാഹനത്തിന് 31.03.2025 വരെ 9.58 കി.മീ./ലി. മൈലേജും അതിനുശേഷം 26.6.25 വരെയുള്ള ഓട്ടങ്ങൾക്ക് 8.39 കി.മീ./ലി. മൈലേജും മാത്രമാണ് ലഭിച്ചിട്ടുള്ളത്.

2. വാഹനത്തിന്റെ GeM കോൺട്രാക്ട് പ്രകാരം വാഹനത്തിന്റെ ഫ്യൂവൽ ടാങ്ക് കപ്പാസിറ്റി 45 ലിറ്റർ മാത്രമാണ്. എന്നാൽ വാഹനത്തിന്റെ ലോഗ് ബുക്കിലെയും പെട്രോൾ പമ്പിൽ നിന്നും ലഭ്യമായ ബില്ലുകൾ പ്രകാരവും പല ദിവസങ്ങളിലും 45 ലിറ്ററിലധികം പെട്രോൾ നിറച്ചിട്ടുള്ളതായി കാണുന്നു.

ഉദാ :-

| | തീയതി | ഇന്ധനത്തിന്റെ അളവ് | ലഭ്യമായ ഫ്യൂവൽ ബിൽ നം. |
|---|---|---|---|
| 1 | 15.7.24 | 49.49 ലിറ്റർ | -- |
| 2 | 23.8.24 | 46.38 ലിറ്റർ | H0437 |
| 3 | 6.9.2024 | 44.8 ലിറ്റർ | -- |
| 4 | 18.11.2024 | 45.04 ലിറ്റർ | 1908 |
| 5 | 4.12.2024 | 45.13 ലിറ്റർ | 2032 |
| 6 | 1.2.2025 | 44.75 ലിറ്റർ | -- |

ലോഗ് ബുക്ക് പ്രകാരം ടാങ്കിൽ പെട്രോൾ ഉള്ളപ്പോൾതന്നെയാണ് വീണ്ടും ടാങ്ക് കപ്പാസിറ്റിയിലും അധികമായി പല ദിവസങ്ങളിലും പെട്രോൾ നിറച്ചിട്ടുള്ളത്. കൂടാതെ മുൻതവണ പെട്രോൾ അടിച്ചതിനുശേഷം നിലവിൽ ലഭ്യമാകുന്ന മൈലേജ് പ്രകാരം ഓടിയ കിലോമീറ്റർ കുറവ് ചെയ്താലും ടാങ്കിൽ പെട്രോൾ അവശേഷിക്കുന്ന സമയത്തുതന്നെയാണ് ഭൂരിഭാഗം ദിവസങ്ങളിലും 40 ലിറ്ററിലധികം പെട്രോൾ വാഹനത്തിൽ നിറച്ചിട്ടുള്ളതായി കാണുന്നത്.

ഉദാ:- 4.12.2024 ൽ മീറ്റർ റീഡിംഗിൽ 4470 കിലോമീറ്ററിൽ 45.13 ലിറ്റർ പെട്രോൾ നിറച്ച് കേവലം 229 കിലോമീറ്റർ ഓടിയതിനുശേഷം മീറ്റർ റീഡിംഗ് 4699 കിലോമീറ്ററിൽ 10.12.2024-ൽ 41.95 ലിറ്റർ പെട്രോൾ നിറച്ചതായി കാണിച്ചിരിക്കുന്നു. അതായത് 21 ലിറ്റർ ഇന്ധനം അവശേഷിക്കുമ്പോഴാണ് (45.13-24(229/9.58)=21) വീണ്ടും 41.95 ലിറ്റർ ഇന്ധനം നിറച്ചതായി കാണുന്നത്. ടാങ്ക് കപ്പാസിറ്റിയിൽ കൂടുതൽ ഇന്ധനം ടാങ്കിൽ ഉൾക്കൊള്ളാൻ സാധ്യതയുണ്ടെന്ന് സർവ്വീസ് സെന്ററിൽ നിന്നും അറിയിച്ചിട്ടുള്ളതായാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.28/17.7.25) ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയത്.

3. 29.6.2024-ൽ ഗ്രാമപഞ്ചായത്തിൽ ഓടിത്തുടങ്ങിയ വാഹനത്തിന്റ മൈലേജ് ടെസ്റ്റ് നാളിതുവരെ നടത്തിയിട്ടുള്ളതായി കാണുന്നില്ല. വാഹനത്തിന് ലഭ്യമാകേണ്ട 20.3 ലിറ്റർ മൈലേജിന്റെ പകുതിപോലും ലഭ്യമാകാത്ത സാഹചര്യത്തിലും മൈലേജ് ടെസ്റ്റ് നടത്താത്തതും ഇതു സംബന്ധിച്ച് പരാതി നല്കാത്തതും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്.

ലഭ്യമാക്കിയ മറുപടിയിൽ മൈലേജ് ടെസ്റ്റ് ഉടൻ ചെയ്യുന്നതാണെന്നും സർവ്വീസ് പൂർണ്ണമാകുമ്പോൾ മാത്രമേ മൈലേജ് കൂടുതൽ ലഭ്യമാകുകയുള്ളൂ എന്നും അടുത്ത സർവ്വീസ് സമയത്ത് മൈലേജ് സംബന്ധമായ പോരായ്മ പരിഹരിക്കുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്.

4. വാഹനത്തിന്റെ 9.6.2024 മുതൽ 6.9.2024 വരെയുള്ള ഇന്ധന ബില്ലുകളുടെ തുക 24,134/- രൂപ

6.1.2025 ലാണ് നല്കിയിട്ടുള്ളത്. തുടർന്നുള്ള മാസങ്ങളിലെ തുക നല്കാതെ ജനുവരി 2025 ലെ ബിൽ തുകയായ 17,926/- രൂപ മാത്രമാണ് 2025-26 സാമ്പത്തികവർഷം നാളിതുവരെയും നല്കിയിട്ടുള്ളത്. സ്ഥാപനം ബിൽ നല്കിയിട്ടുണ്ടെങ്കിലും 6.9.2024 മുതൽ 12/2024 വരെയും 2/2024 മുതലുള്ള തുകയും സ്ഥാപനത്തിന് നല്കിയിട്ടില്ല.

വാഹനം വാങ്ങി ഒരു വർഷം കഴിഞ്ഞിട്ടും 20000 കിലോമീറ്ററോളം വാഹനം ഓടിയിട്ടും വാഹനത്തിന് ലഭ്യമാകേണ്ട മൈലേജിന്റെ പകുതിപോലും ലഭ്യമാകുന്നില്ല. ഈ സാഹചര്യത്തിലും മേൽ ക്രമ നം.2ൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരം പെട്രോൾ നിറച്ചതിലെയും മൈലേജ് പ്രകാരവുമുള്ള അപാകതകൾ ആവർത്തിച്ചിട്ടുള്ളതിനാലും ഇത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ലാത്തതിനാലും ഓഡിറ്റ് വർഷം ഈയിനത്തിലുള്ള ചെലവ് 24,134/- രൂപ (ചെക്ക് നം.870/6.1.25- വൌച്ചർ നം.22400483) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ - പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി
പ്രോജക്ട് നം. -S0025/25

പ്രോജക്ടിന്റെ പേര് – പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ

ഫണ്ട് – ധനകാര്യ കമ്മീഷൻ ഗ്രാന്റ്
അടങ്കൽ- ₹11,04,500/-

ചെലവ്- ₹6,49,000/-

(1.ട്രാൻസാക്ഷൻ ഐ.ഡി- S65278752 തീ.18.02.2025-₹3,21,000/-

2.ട്രാൻസാക്ഷൻ ഐ.ഡി- S1265755 തീ.28.02.2025-₹3,28,000/-)

വീയപുരം ഗ്രാമ പഞ്ചായത്തിലെ വാർഡ്-2-ലെ പാളയത്തിൽ കോളനിയിലെ പൈപ്പ്ലൈൻ ദീർഘിപ്പിക്കുന്നതിനായി മേൽ ക്രമ നം.1 പ്രകാരം 3,21,000/-രൂപയും, വാർഡ് 3-ലെ ഉരുത്തേക്കടവ് ഭാഗത്ത് Replacing 160mm HDPE Pipe Line Crossing Achancovil River എന്ന പ്രവൃത്തിയുടെ അഡീഷണൽ തുകയായി മേൽ ക്രമ നം.2 പ്രകാരം 3,28,000/-രൂപയും കേരള വാട്ടർ അതോറിറ്റി തിരുവല്ല എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിന്റെ പേരിലുള്ള പഞ്ചാബ് നാഷണൽ ബാങ്ക് അക്കൗണ്ടിലേയ്ക്ക് (അക്കൗണ്ട് നം.3922000110130637) ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. ടി പദ്ധതികളുടെ പൂർത്തീകരണ സാക്ഷ്യപത്രം ഫയലിൽ ലഭ്യമായിരുന്നില്ല. തുടർന്ന് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.4 തീ.14.07.2025) ലഭ്യമാക്കിയ മറുപടിയോടൊപ്പം മേൽ ക്രമ നം.2 പ്രകാരം 3,28,000/-രൂപയുടെ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കി. ക്രമ നം.1 പ്രകാരമുള്ള തുകയുടെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കാൻ വാട്ടർ അതോറിറ്റിക്ക് കത്ത് നല്കിയിട്ടുണ്ടെന്നും ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും മറുപടി നല്കി. പൂർത്തീകരണ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 3,21,000/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. പദ്ധതിയുടെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-20 മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് പുനരധിവാസ കേന്ദ്രം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം. | S0146/25 |
| പദ്ധതിയുടെ പേര് | മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് പുനരധിവാസ കേന്ദ്രം-സ്ഥലം വാങ്ങൽ |
| നിർവ്വഹണം. | ഐസിഡിഎസ് സൂപ്പർവൈസർ |
| അടങ്കൽ | 3,00,000/- (വികസന ഫണ്ട്) |
| ചെലവ് | 3,00,000/- |
| ബിആർഎൻ നം. | 24070752010301498674 തീയതി 11.03.2025 |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ടി പ്രോജക്റ്റിൽ ഉൾപ്പെടുത്തി, ആലപ്പുഴ ജില്ലാ പഞ്ചായത്ത് 2024-25 ൽ നടപ്പിലാക്കുന്ന മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് പുനരധിവാസ കേന്ദ്രം-സ്ഥലം വാങ്ങൽ (പ്രോജക്റ്റ് നം.S0170/25) എന്ന സംയുക്ത പ്രോജക്റ്റിനായി ഗ്രാമ പഞ്ചായത്തിന്റെ വിഹിതമായി 3,00,000/- രൂപ, ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമായിട്ടുണ്ടെങ്കിൽ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 15/16.07.2025 ന് നൽകിയ മറുപടിയിൽ, വിനിയോഗ സാക്ഷ്യപത്രം ഇതേവരെ ലഭിച്ചിട്ടില്ലെന്നും, ആയത് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും, ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ 3,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 ഹോമിയോ ആശുപത്രിയ്ക്ക് മരുന്നുകൾ ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | S0078/25 |
| പദ്ധതിയുടെ പേര് | ഹോമിയോ ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ |
| അടങ്കൽ | 2,25,000/- രൂപ(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 2,25,000/-രൂപ |
| നിർവ്വഹണം. | മെഡിക്കൽ ഓഫീസർ, (ആയുർവ്വേദം) |
| ബിആർഎൻ നം. | 24070752007901271712 തീയതി 26.03.2025 |

മെഡിക്കൽ ഓഫീസർ, (ആയുർവ്വേദം) നിർവ്വഹണം നടത്തിയ വീയപുരം ഹോമിയോ ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ എന്ന പ്രോജക്റ്റിൽപ്പെടുത്തി 2,25,000/- രൂപ (പ്രഫോർമ ഇൻവോയ്സ് നം. 1047) മരുന്നു വാങ്ങുന്നതിനായി ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നുകൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.05 തീ.18.07.25) മരുന്നുകൾ ഒന്നും തന്നെ ഇതേവരെ ലഭ്യമായിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമായി വിവരം ഓഡിറ്റിൽ അറിയിക്കുന്നതു വരെ 2,25,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 ഹരിത സഹായ സ്ഥാപനത്തിന് കരാർ തുക നൽകിയത് ടിഡിഎസ് ഈടാക്കാതെ

| | |
|---|---|
| പ്രോജക്റ്റ് നം. | S0045/24-25 |
| പദ്ധതിയുടെ പേര് | ഹരിത സഹായ സ്ഥാപനത്തിന് തുക നൽകൽ |
| നിർവ്വഹണം. | വി.ഇ.ഒ (പായിപ്പാട് സർക്കിൾ) |
| അടങ്കൽ | ₹2,73,360/- (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| ചെലവ് | ₹2,50,514/- |
| ബിൽ നം. | XVFC/24-25/P/18 തീയതി 30.08.2024 Rs.91,096/-<br>XVFC/24-25/P/20 തീയതി 04.11.2024 Rs.68,322/-<br>XVFC/24-25/P/43&44 തീയതി 12.02.2025 Rs.91,096/- |

വി.ഇ.ഒ. (പായിപ്പാട് സർക്കിൾ) നിർവ്വഹണം നടത്തിയ ഹരിത സഹായ സ്ഥാപനത്തിന് തുക നൽകൽ എന്ന പ്രോജക്റ്റിനായി 2,73,360/- രൂപ വകയിരുത്തിയതിൽ 2,50,514/- രൂപ ഐആർടിസിയ്ക്ക് നൽകിയിട്ടുണ്ട്. ഹരിതകർമ്മസേനയ്ക്കും, അതിലെ അംഗങ്ങൾക്കും വിവിധ തരത്തിലുള്ള ടെക്നിക്കൽ സപ്പോർട്ടും മറ്റും നല്കിയതിനാണ് ഈ തുക ടി സ്ഥാപനത്തിന് നൽകിയിട്ടുള്ളത്. ആയതിനാൽ ഇൻകംടാക്സ് ആക്റ്റ് 194J പ്രകാരം ഐആർടിസിയ്ക്ക് നൽകിയിട്ടുള്ള 2,50,514/- രൂപയിൽ നിന്നും 2% തുക 5,010/- രൂപ ടിഡിഎസ് ആയി കുറവ് ചെയ്യേണ്ടതുണ്ട്. *(Section 194J Of The Income Tax Act Mandates Tax Deductions At Source (TDS) In Respect Of Payments Made For Professional And Technical Services Exceeding Rs. 30,000 In A Financial Year. Generally, The TDS Rate Is 10%, But It Varies Based On The Type Of Service, With Technical Services Requiring A 2% Deduction.)* ആയത് കുറവ് ചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുത രേഖകൾ ഹാജരാക്കുവാനും, ഇത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.29 തീ.18.07.25) നൽകിയ തുകയിൽ നിന്നും ടിഡിഎസ് ഈടാക്കിയിട്ടില്ലെന്നും മാർച്ച് മാസത്തെ ബില്ലിൽ നിന്നും

മാർച്ചിലെ തുകയിലേതടക്കം ടിഡിഎസ് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും മറുപടി നൽകി. ആദായ നികുതി ഉറവിടത്തിൽ കുറവ് ചെയ്യാതെ സ്ഥാപനത്തിന് അധികമായി നല്കിയ 5,010/-രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടിഡിഎസ് ഈടാക്കി നിശ്ചിത ശീർഷകത്തിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-23 ഗവ.എൽ.പി സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം- അപാകങ്ങൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | ഗവ.എൽ.പി സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം.<br>പ്രോജക്ട് നം- S0054/25 |
| അടങ്കൽ | ₹3,00,000/-(വികസന ഫണ്ട് -ജനറൽ) |
| ചെലവ് | ₹2,83,420/-(വികസന ഫണ്ട് -ജനറൽ) |
| ബിൽ നം./ തീയതി | TRN. 230707000000002150, Dtd 17.07.2024, Rs.30,720/-<br>TRN. 230707000000002678, Dtd 08.08.2024,Rs.28,940/-<br>TRN. 230707000000003823, Dtd 06.09.24,Rs.31,000/-<br>TRN. 230707000000004276, Dtd 07.10.2024,Rs.29,775/-<br>TRN. 230707000000004857, Dtd 07.11.2024,Rs.31,650/-<br>TRN. 230707000000005855, Dtd 24.12.2024,Rs.32,985/-<br>TRN. 230707000000006315, Dtd 10.01.2025,Rs.31,500/-<br>TRN. 230707000000008038, Dtd 12.03.2025,Rs.34,500/-<br>TRN. 230707000000008039, Dtd 12.03.2025,Rs.32,350/- |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ്, പായിപ്പാട് |

ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ്, പായിപ്പാട് നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ എൽ.പി സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതിനായി സാമ്പത്തിക വർഷം ₹2,83,420/- ചെലവഴിച്ചിട്ടുണ്ട്. ശ്രീമതി ശാന്തമ്മ എന്നയാളാണ് സ്കൂളുകളിൽ പ്രഭാത ഭക്ഷണം നൽകിയിട്ടുള്ളത്. പല തവണകളായി കരാർ ഏറ്റെടുത്ത വ്യക്തി തയ്യാറാക്കി നൽകിയിട്ടുള്ള കണക്ക് പ്രകാരമുള്ള തുക ബാങ്ക് അക്കൗണ്ടിലേക്ക് മാറി നൽകുകയാണ് ചെയ്തിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

01) 1961 ലെ ആദായ നികുതി നിയമം സെക്ഷൻ 194 (സി) പ്രകാരം ഒരു സാമ്പത്തിക വർഷം ആകെ ₹1,00,000/- ക്ക് മുകളിലോ ഒറ്റത്തവണ ₹30,000 ക്ക് മുകളിലോ പ്രതിഫലം നൽകുന്ന പ്രവൃത്തികളിൽ വ്യക്തികളിൽ നിന്നും 1 % നിരക്കിലും മറ്റുള്ളവരിൽ നിന്നും 2 % നിരക്കിലും സ്രോതസ്സിൽ ആദായനികുതി ഈടാക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ പ്രോജക്ടിൽ കരാർ ഏറ്റെടുത്ത വ്യക്തിക്ക് സാമ്പത്തിക വർഷം ₹2,83,420/ നൽകിയിട്ടുണ്ട്. എന്നാൽ ഈ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നികുതി ഈടാക്കിയിട്ടില്ല. ഈയിനത്തിൽ നികുതിയിനത്തിൽ ₹2,834/- നഷ്ടം സംഭവിച്ചിട്ടുണ്ട്.

02) പദ്ധതിക്കാവശ്യമായ കൃത്യമായ വിവരങ്ങൾ, കുട്ടികളുടെ എണ്ണം, വിതരണം ചെയ്യേണ്ട ഭക്ഷണത്തിന്റെ മെനു എന്നിങ്ങനെ ആവശ്യമായ കാര്യങ്ങളുടെ നോട്ടീസ് തയ്യാറാക്കാതെയും കൃത്യമായ

മുന്നൊരുക്കങ്ങളൊന്നും നടത്താതെയുമാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. സ്കൂൾ പ്രവൃത്തി ദിനങ്ങളിൽ എൽ.പി സ്കൂളിൽ ഭക്ഷണം എത്തിക്കാനായി ഭക്ഷണം വിതരണം ചെയ്യുന്ന വ്യക്തിയുമായി നിർവ്വഹണ ഉദ്യോഗസ്ഥ ഏർപ്പെട്ട കരാറിൽ കുട്ടികളുടെ എണ്ണം, നൽകേണ്ട അളവ് എന്നിവ സംബന്ധിച്ച വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. നിശ്ചിത മൂല്യമുള്ള മുദ്രപത്രത്തിലല്ല കരാറിൽ ഏർപ്പെട്ടിരിക്കുന്നത്.

03) ഗ്രാമപഞ്ചായത്തിലെ ഗവ.എൽ.പി സ്കൂളുകളിലെ വിദ്യാർത്ഥികൾക്കാണ് പദ്ധതി ആനുകൂല്യം നൽകാൻ ലക്ഷ്യമിട്ടതെങ്കിലും സ്കൂളുകളിലെ കുട്ടികളുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ ലഭ്യമായിട്ടില്ല. ഭക്ഷണം വിതരണം ചെയ്ത വിദ്യാർത്ഥികളുടെ എണ്ണമോ ബില്ലോ പോലുള്ള രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

04) പദ്ധതി നടപ്പിലാക്കിയ സ്കൂളിലെ അധികൃതർ ഭക്ഷണവിതരണം സംബന്ധമായ വിവരങ്ങളൊന്നും സാക്ഷ്യപ്പെടുത്തിയിട്ടില്ല. വിതരണം നടത്തിയ തീയതി, വിതരണം നടത്തിയ എണ്ണം എന്നിവ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഫയലിൽ ഇത് സംബന്ധിച്ച രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല.

ഈ കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-22/17.07.2025) നൽകിയ മറുപടിയിൽ കുട്ടികളുടെ എണ്ണം പോലുള്ള വിവരങ്ങൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. മുദ്രപത്രം ലഭ്യമല്ലാത്ത സാഹചര്യത്തിലാണ് കുറഞ്ഞ നിരക്കിലുള്ള പത്രം ഉപയോഗിച്ചതെന്നും നികുതി സംഖ്യ ഈടാക്കി ഒടുക്കുമെന്നും അറിയിച്ചിട്ടുണ്ട്. ആദായനികുതി ഈടാക്കി അടക്കാത്ത സാഹചര്യത്തിൽ അധികമായി നല്കിയ 2,834/-രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. നഷ്ടത്തുക ₹2,834/- ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. പ്രഭാത ഭക്ഷണ വിതരണവുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാനും ചെലവുകളിലെ സുതാര്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ രേഖകൾ ഉൾപ്പെടുത്തുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 മെൻസ്ട്രുവൽ കപ്പ് -സ്റ്റോക്കിലും, വിതരണത്തിലും അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | S0037/25 |
| പദ്ധതിയുടെ പേര് | മെൻസ്ട്രുവൽ കപ്പ് വിതരണം. |
| നിർവ്വഹണം. | മെഡിക്കൽ ഓഫീസർ എഫ്എച്ച്സി |
| അടങ്കൽ | ₹2,00,000/- (വികസന ഫണ്ട്) |
| ചെലവ് | ₹80,098/- |
| ടിആർഎൻ നം. | 240700000008159 തീയതി 14.03.2025 |

മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി നിർവ്വഹണം നടത്തിയ ടി പ്രോജക്ടിൽ ഉൾപ്പെടുത്തി 80,098/- രൂപ ചെലവഴിച്ച് എച്ച്.എ.എല്ലിൽ നിന്നും വിവിധ അളവിലുള്ള 267 മെൻസ്ട്രുവൽ കപ്പുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ വിതരണ രേഖകൾ പരിശോധിച്ചതിൽ, വിതരണ രജിസ്റ്ററിലെ ക്രമ നമ്പർ 12, 102, 115 മുതൽ 187 വരെ ആകെ 75 പേർ രജിസ്റ്ററിൽ ഒപ്പു വെച്ചിരുന്നില്ല. അവരുടെ ഫോൺ നമ്പരുകളും ഉൾപ്പെടുത്തിയിരുന്നില്ല. ബാക്കിയുള്ള 192 പേരും ഒപ്പു വെച്ചാണ് മെൻസ്ട്രുവൽ കപ്പുകൾ കൈപ്പറ്റിയിട്ടുള്ളത്. അവരുടെയൊക്കെ മൊബൈൽ നമ്പറുകളും രജിസ്റ്ററിൽ കൃത്യമായി ഉൾപ്പെടുത്തിയിട്ടുണ്ട്. രജിസ്റ്ററിൽ ഇത്തരത്തിൽ അപാകത സംഭവിച്ചതിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.17/16.07.2025 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പദ്ധതിയുടെ ഉദ്ഘാടന ദിവസം തന്നെ മുഴുവൻ മെൻസ്ട്രുവൽ കപ്പുകളും വിതരണം നടത്തണമെന്നുദ്ദേശിച്ചാണ് വിതരണത്തിന് മുൻപ് തന്നെ ഗുണഭോക്താക്കളുടെ പേര് രജിസ്റ്ററിൽ ഉൾപ്പെടുത്തിയത്. എല്ലാ ഗുണഭോക്താക്കൾക്കും നൽകുന്നതിനായി മുഴുവൻ മെൻസ്ട്രുവൽ കപ്പുകളും വിതരണത്തിനായി കൊണ്ടുപോയി. എന്നാൽ വളരെക്കുറച്ച് ഗുണഭോക്താക്കൾ മാത്രമേ ചടങ്ങിന് എത്തിയിരുന്നുള്ളൂ അവർക്ക് നൽകിയതിനു ശേഷം മിച്ചം വന്ന മെൻസ്ട്രുവൽ കപ്പുകൾ അറിവില്ലായ്മ മൂലം തിരികെ ഏൽപ്പിച്ചിരുന്നില്ലായെന്നും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. മിച്ചമുള്ള മെൻസ്ട്രുവൽ കപ്പുകൾ ഉടനടി ഗുണഭോക്താക്കൾക്ക് വിതരണം നടത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഇത്തരം പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ ഗുണഭോക്താക്കളുടെ ആവശ്യകത മുതൽ അവയുടെ വിതരണം വരെ കൃത്യമായി നടന്നിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതാണ്. അവശേഷിക്കുന്ന മെൻസ്ട്രുവൽ കപ്പുകൾ വിതരണം ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കുന്നതു വരെ 75 മെൻസ്ട്രുവൽ കപ്പുകളുടെ

വിലയായ 22,500/- രൂപ (75x300) തടസ്സപ്പെടുത്തുന്നു.

## 1-25 മരാമത്ത് പ്രവൃത്തികളിൽ നിയമാനുസൃത ഇൻഷുറൻസ് കവറേജ് എടുത്തിട്ടില്ല

പൊതുമരാമത്ത് വിഭാഗത്തിൽ വരുന്ന പ്രവൃത്തികളിലെല്ലാം പ്രവൃത്തി തുടങ്ങി 15 ദിവസത്തിനകം ഇൻഷ്വറൻസ് കവറേജ് എടുത്ത് കരാറുകാരൻ സമർപ്പിക്കേണ്ടതാണ്. പ്രവൃത്തിയുടെ ലെറ്റർ ഓഫ് അക്സെപ്റ്റൻസിലും, എഗ്രിമെന്റിലും ഇക്കാര്യം വ്യവസ്ഥ ചെയ്തിട്ടുണ്ട്. കരാർ തുകയുടെ 0.5%, കുറഞ്ഞത് 2,00,000/-യും പരമാവധി 5,00,000/-യുമാണ് ഇൻഷ്വറൻസ് കവറേജ് എടുക്കേണ്ടത്. ഇപ്രകാരം ഇൻഷുറൻസ് എടുത്തതിന്റെ രേഖകൾ ഹാജരാക്കാത്തവരിൽ നിന്നും കരാർ തുകയുടെ 0.2% ഫൈൻ ഇനത്തിൽ ബില്ലിൽ നിന്നും കുറവ് ചെയ്യുന്നതാണെന്നും കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രവൃത്തി സംബന്ധമായി ഉണ്ടാകുന്ന അപകടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനായാണ് ഈ വ്യവസ്ഥ കരാറിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രവൃത്തികളുടെ കരാറുകാർ ഇപ്രകാരം നിശ്ചിത തുകയുള്ള ഇൻഷ്വറൻസ് രേഖകൾ ഹാജരാക്കാത്തതിനാൽ കരാറുകാരുടെ ബില്ലിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥ നിശ്ചിത നിരക്കിൽ ഫൈൻ ഈടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ഈടാക്കിയ ഫൈൻ തുക |
|---|---|---|
| S0151/25 | പ്രയാറ്റേരിൽ- മണിയങ്കേരിൽ റോഡ് പുനരുദ്ധാരണം- വാർഡ് 13 | ₹1740/- |
| S0150/25 | എസ്.ബി.ടി -ഒറ്റത്തെങ്ങിൽ റോഡ് നവീകരണം, വാർഡ്-5 | ₹1562/- |
| S0154/25 | അച്ചൻമുക്ക് -പറത്തറ റോഡ് നവീകരണം വാർഡ് -7 | ₹1107/- |
| S0153/25 | വെള്ളംകുളങ്ങര- ഇലവന്തറ റോഡ് റീടാറിംഗ്, വാർഡ്-6 | ₹1267/- |
| S0157/25 | പുതുവന- വടക്കേയറ്റത്ത് റോഡ് നവീകരണം, വാർഡ്-10 | ₹1012/- |

ഇൻഷുറൻസ് കവറേജിനുള്ള ചെലവ് താരതമ്യപ്പെടുത്തിയാൽ നൽകുന്ന പിഴത്തുക വളരെ കുറവായതിനാൽ കരാറുകാർ ഇൻഷ്വറൻസ് പോളിസി എടുക്കുന്നതിന് പകരമായി ഫൈൻ ഒടുക്കി വരുന്നതായാണ് പൊതുവേ കാണുന്നത്. ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ ഭൂരിപക്ഷം പ്രവൃത്തികളിലും ഇൻഷുറൻസ് കവറേജ് ബാധകമാക്കിയിട്ടില്ല. ഇത് പ്രവൃത്തികളിലെല്ലാം ഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി സർക്കാർ ആവിഷ്ക്കരിച്ച മാർഗ്ഗനിർദ്ദേശത്തിന് അനുസൃതമല്ല. ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-18/ 17.07.2025) നൽകിയ മറുപടിയിൽ മാർച്ച് മാസമാണ് ഭൂരിഭാഗം പ്രവൃത്തികളും നടക്കുന്നതെന്നും ബില്ലുകൾ യഥാസമയം മാറേണ്ട സാഹചര്യമുള്ളതിനാലാണ് ഫൈൻ ഈടാക്കി പ്രോജക്ട് നടപ്പിലാക്കിയതെന്നും അറിയിച്ചിട്ടുണ്ട്. എല്ലാ പ്രവൃത്തികളിലും ഉണ്ടായേക്കാവുന്ന അപകടങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിന് കരാറുകാർക്ക് ആവശ്യമായ നിർദ്ദേശം നൽകുന്നതിനും ഇത് ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-26 മൃഗാശുപത്രിയ്ക്ക് മരുന്നു വാങ്ങൽ -കുറഞ്ഞ കാലാവധിയുള്ള മരുന്നുകൾ വാങ്ങി

| | |
|---|---|
| പ്രോജക്ട് നം. | S0114/25 (സ്പിൽ ഓവർ) |
| പദ്ധതിയുടെ പേര് | മൃഗാശുപത്രിയ്ക്ക് മരുന്നു വാങ്ങൽ |
| നിർവ്വഹണം. | വെറ്ററിനറി സർജൻ |
| അടങ്കൽ | 1,59,394/- (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 1,59,392/- |

| | |
|---|---|
| ബിആർഎൻ നം. | 2407075208100277966 തീയതി 13.06.2024 |

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ മൃഗാശുപത്രിയ്ക്ക് മരുന്നു വാങ്ങൽ എന്ന പ്രോജക്ടിൽപ്പെടുത്തി 1,59,392/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. കൃഷ്ണാ ഏജൻസീസ്, കായംകുളം ജോർജിയൻ ഫാർമ, കായംകുളം എന്നിങ്ങനെ രണ്ട് സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നാണ് മുഴുവൻ മരുന്നുകളും വാങ്ങിയിട്ടുള്ളത്. മരുന്നുകൾ വിതരണം നടത്തുമ്പോൾ ഏറ്റവും കുറഞ്ഞത് 2 വർഷമെങ്കിലും കാലാവധിയുള്ള മരുന്നുകൾ വിതരണം നടത്തണമെന്ന് സപ്ലൈ ഓർഡറിൽ വിതരണക്കാരോട് നിർദേശിച്ചിരുന്നു *(Medicines Supplies Should Have Expiry Of Atleast 2 Years Strictly).* എന്നാൽ ഈ സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയ മരുന്നുകളിൽ ബഹുഭൂരിപക്ഷം മരുന്നുകളും 6 മാസം മുതൽ 18 മാസത്തിനുള്ളിൽ കാലാവധി തീരുന്നവയാണ്. കൃഷ്ണാ ഏജൻസീസിൽ നിന്നും 13.01.24 ൽ വാങ്ങിയ 91,527/- രൂപയുടെ 23 മരുന്നുകളിൽ 80,042/- രൂപയുടെ 18 മരുന്നുകളും, ജോർജിയൻ ഫാർമയിൽ നിന്നും 20.01.24 ൽ വാങ്ങിയ 67,685/- രൂപയുടെ ആകെ 14 മരുന്നുകളിൽ 61,442/- രൂപയുടെ 10 മരുന്നുകളും, പരമാവധി 18 മാസത്തിൽ താഴെ കാലാവധി തീരുന്നവയാണ്. സപ്ലൈ ഓർഡറിലെ നിർദേശത്തിനു വിരുദ്ധമായി രണ്ട് വർഷത്തിൽ താഴെ കാലഹരണ തീയതിയുള്ള മരുന്നുകൾ സ്വീകരിക്കാനുള്ള കാരണം അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 8/15.07.2025 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സപ്ലൈ ഓർഡറിന് ശേഷം സ്റ്റോക്കിസ്റ്റിന്റെ അടുത്തും ശേഷം സ്ഥാപനത്തിലും എത്താനുള്ള കാലതാമസം മൂലമാണ് ഇത്തരത്തിൽ രണ്ടു വർഷത്തിൽ കുറഞ്ഞ കാലാവധിയുള്ള മരുന്നുകൾ സ്വീകരിക്കേണ്ടി വന്നത് എന്നറിയിച്ചിട്ടുണ്ട്. പരമാവധി ഷെൽഫ് ലൈഫ്/എക്സ്പിയറി ലഭിക്കുന്ന തരത്തിൽ മരുന്നുകൾ വിതരണം ചെയ്യാൻ വിതരണക്കാരോട് ആവശ്യപ്പെടാറുണ്ടെന്നും അറിയിച്ചിട്ടുണ്ട്. രണ്ടു വർഷത്തിന് മുകളിൽ കാലാവധിയുള്ള മരുന്നുകൾ തന്നെ കഴിവതും വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -അനുവദനീയമായ സ്കോളർഷിപ്പ് തുക നൽകിയിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | എസ്.സി.വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പ്രോജക്ട് നം- S0082/25 |
| അടങ്കൽ | ₹2,00,000/- (എസ്.സി.പി) |
| ചെലവ് | ₹2,00,000/- (എസ്.സി.പി) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ് പായിപ്പാട് |

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗരേഖയിലെ (സർക്കാർ ഉത്തരവ് (കൈ) നം.115/2022 തസ്വഭവ തീയതി 28.05.2022) ഖണ്ഡിക 7.2.4 പ്രകാരമുള്ള പട്ടിക ജാതി /പട്ടിക വർഗ്ഗ ഉപ പദ്ധതികൾക്കുള്ള മാർഗ്ഗരേഖ മാനദണ്ഡങ്ങളിൽ സർക്കാർ അംഗീകൃത കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് കാലാവധിയിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള തുക സ്കോളർഷിപ്പായി അനുവദിക്കാവുന്നതാണ്. ഇത് പ്രകാരം സംസ്ഥാനത്തിന് പുറത്ത് സർക്കാർ അംഗീകൃത സർവ്വകലാശാലകളിലെ റഗുലർ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 50,000 രൂപയാണ് സർക്കാർ സ്കോളർഷിപ്പ് നിശ്ചയിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതിയിൽ ആറ് വിദ്യാർത്ഥികൾക്കാണ് പ്രോജക്ട് പ്രകാരം ആനുകൂല്യം നൽകിയിട്ടുള്ളത്. ഇതിൽ നാല് വിദ്യാർത്ഥികളും സംസ്ഥാനത്തിന് പുറത്ത് സർക്കാർ അംഗീകൃത സർവ്വകലാശാലകളിലെ റഗുലർ കോഴ്സുകളിൽ പഠിക്കുന്നവരാണ്. ഇവർക്ക് സർക്കാർ സ്കോളർഷിപ്പായി നിശ്ചയിച്ചിട്ടുള്ള 50,000 രൂപയ്ക്ക് പകരം 40,000 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്, വിലാസം | നൽകിയ തുക | ബിൽ നമ്പർ തിയതി |
|---|---|---|---|
| 1 | ആര്യ രാജേന്ദ്രൻ, മേട്ടുതറയിൽ, പായിപ്പാട് | ₹ 40,000/- | TRN-240707000000008569 Dtd 24.03.2025 |
| 2 | ഗോപികകൃഷ്ണ, പനമൂട്ടിൽ, വീയപുരം | ₹40,000/- | TRN-240707000000008569 Dtd 24.03.2025 |

| | | | |
|---|---|---|---|
| 3 | വിഷ്ണുദേവ് കെ.പി., കറുകയിൽ, പായിപ്പാട് | ₹ 40,000/- | TRN-240707000000008570 Dtd 24.03.2025 |
| 4 | അഞ്ജു അജേഷ്, മണ്യങ്കേരിൽ, പായിപ്പാട് | ₹ 40,000/- | TRN-240707000000008570 Dtd 24.03.2025 |

ഗ്രാമപഞ്ചായത്തിന്റെ വിവിധ വികസന ഫണ്ട് ചെലവുകൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന് 2024-25 സാമ്പത്തിക വർഷം ലഭിച്ച എസ്.സി.പി ഫണ്ടിൽ നിന്നും ₹1,05,579/-ചെലവഴിക്കാതെ ലാപ്സായി പോയിട്ടുണ്ട്. ഇതിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സമർപ്പിച്ച 40,000/-രൂപയുടെ ബിൽ മാത്രമേ മാറാൻ അവശേഷിച്ചിരുന്നുള്ളൂ. അതിനാൽത്തന്നെ വിദ്യാർത്ഥികൾക്ക് അർഹമായ സ്കോളർഷിപ്പ് തുക നൽകാൻ ഫണ്ട് ബാക്കിയുണ്ടായിരുന്നു. സ്കോളർഷിപ്പ് പൂർണ്ണമായി നൽകാതിരുന്നതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14 തീയതി 15.07.2025) ഒരു വിദ്യാർത്ഥിക്ക് കൂടി സ്കോളർഷിപ്പ് നൽകേണ്ടി വന്നതിനാലാണ് നൽകിയ തുക കുറഞ്ഞതെന്നും പ്രോജക്ടിന് വകയിരുത്തിയ തുക പൂർണ്ണമായി ചെലവഴിച്ചതായും നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്. സർക്കാർ നിശ്ചയിച്ചിട്ടുള്ള തുക തന്നെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പായി അനുവദിക്കാനും ഇതിനായി ആവശ്യമായ ഫണ്ട് വകയിരുത്താനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-28 പായിപ്പാട് ജലോത്സവ പവലിയനിൽ ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മാണം -തുടർ പരിപാലനം സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | പായിപ്പാട് ജലോത്സവ പവലിയനിൽ ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മാണം പ്രോജക്ട് നം- S0093/25 (സ്പിൽ ഓവർ) |
| അടങ്കൽ | ₹4,50,000/-<br>₹2,83,000/-(കേന്ദ്രാവിഷ്കൃത ഫണ്ട് -ശുചിത്വമിഷൻ)<br>₹167,000/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | ₹4,37,357/-<br>₹2,70,872/-- (കേന്ദ്രാവിഷ്കൃത ഫണ്ട് -ശുചിത്വമിഷൻ)<br>₹166,485/-( ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| കരാറുകാരൻ | ശ്രീ.കെ.എം.യോഹന്നാൻ |
| എഗ്രിമെന്റ് നമ്പർ- | 15/AE/LID&EW/ VP/2023-24 Dtd 08.02.2024 |
| അളവ് പുസ്തകം | ഇ-എം ബുക്ക്, കമ്പോണന്റ് നമ്പർ- 96504/2023 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| ചെലവ് | C072416688641 Dtd- 17.07.2024- ₹1,69,358 രൂപ ( CC 1st & Part Bill)<br>C072416695199 Dtd- 24.07.2024- ₹10,196 രൂപ ( CC 1st & Part Bill).<br>C122422989068 Dtd- 17.12.2024- ₹30,446 രൂപ ( CC 1st & Part Bill). |

| | |
|---|---|
| | Ch.no.551740 Dtd 17-03-2025 (PBIG Fund)- 51682 (9190/- ഡിഡക്ഷൻസ് കഴിച്ച്)<br>XVFC/2024-25/P/57 DTD 22.03.25- ₹1,50,300 രൂപ ( CC 2nd &Final Bill).<br>XVFC/2024-25/P/58 DTD 24.03.25- ₹16,185 രൂപ ( CC 2nd & Final Bill). |

ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പായിപ്പാട് ജലോത്സവ പവലിയനിൽ ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മാണം എന്ന പ്രോജക്ട് പ്രകാരം ₹4,37,357/- ചെലവഴിച്ച് ടോയ്‌ലറ്റ് ബ്ലോക്ക് പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കുന്നതിന്റെ ഭാഗമായി റവന്യൂ രേഖകൾ പരിശോധിച്ചതിൽ പ്രവൃത്തി നടത്തുന്ന സ്ഥലം പായിപ്പാട് ജലോത്സവ സമിതിയുടെ ഉടമസ്ഥതയിലാണെന്ന് കണ്ടെത്തുകയും ഗ്രാമപഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ 11.12.2023 ലെ 1(2) നമ്പർ തീരുമാന പ്രകാരം ജലോത്സവ സമിതിയുടെ എൻ.ഒ.സി വാങ്ങി പ്രോജക്ട് നടപ്പിലാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് മുമ്പായി ടോയ്‌ലറ്റിലേക്കുള്ള വഴി തടസ്സപ്പെടുത്തുകയില്ലെന്നും പൊതുജനങ്ങൾക്ക് ആവശ്യാനുസരണം ഇവ ഉപയോഗിക്കുന്നതിന് സമ്മതമാണെന്നും വ്യവസ്ഥ ചെയ്ത് 2024 ജനുവരി 14 ന് ജലോത്സവസമിതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. എന്നാൽ ടോയ്‌ലറ്റ് ബ്ലോക്ക് പൂർത്തീകരിച്ച ശേഷം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും മുഴുവൻ തുകയും ചെലവഴിച്ച് നിർമ്മിച്ച കെട്ടിടമെന്ന നിലയിൽ, ഗ്രാമപഞ്ചായത്തിന്റെ താത്പര്യങ്ങളെ സംരക്ഷിക്കുന്ന വിധം ആസ്തിയുടെ നടത്തിപ്പ്, തുടർപരിപാലനം, ആസ്തി സംരക്ഷണം എന്നീ കാര്യങ്ങളിൽ സ്ഥലം ഉടമകളായ പായിപ്പാട് ജലോത്സവസമിതിയുമായി ഗ്രാമപഞ്ചായത്ത് കരാറിലേർപ്പെട്ടിട്ടില്ല. ഗ്രാമപഞ്ചായത്ത് ഫണ്ടിന്റെ പ്രയോജനം പൊതുജനങ്ങൾക്ക് തടസ്സമില്ലാതെ ലഭ്യമാക്കൽ, ആസ്തി കൈമാറ്റം പോലുള്ള സന്ദർഭങ്ങളിൽ സ്വീകരിക്കേണ്ട തുടർനടപടികൾ, വാർഷിക അറ്റകുറ്റപ്പണികൾ സംബന്ധിച്ച വ്യവസ്ഥകൾ, പരിപാലനം സംബന്ധിച്ച വ്യവസ്ഥകൾ എന്നിവ ഉറപ്പുവരുത്താതെ കെട്ടിടം കൈമാറിയതിനുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. (നം-26/17.07.2025) നിർവ്വഹണ ഉദ്യോഗസ്ഥ നൽകിയ മറുപടിയിൽ പ്രവൃത്തി പൂർത്തീകരിച്ച ശേഷമുള്ള തുടർനടപടികൾ ഗ്രാമപഞ്ചായത്ത് മുഖാന്തിരമാണ് സ്വീകരിക്കേണ്ടതെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് നിർമ്മിച്ച നൽകിയ ആസ്തിയുടെ സംരക്ഷണം, തുടർ പരിപാലനം എന്നിവ ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-29 ഗ്രേ വാട്ടർ മാനേജ്മെന്റ് -വിവിധ സ്ഥാപനങ്ങളിൽ സെപ്റ്റിക് ടാങ്കും സോക്ക് പിറ്റ് സ്ഥാപിക്കലും-പദ്ധതി നടപ്പാക്കിയതിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | ഗ്രേവാട്ടർ മാനേജ്മെന്റ്- സർക്കാർ സ്ഥാപനങ്ങൾ, ഗവ.സ്കൂളുകൾ, എയ്ഡഡ് സ്കൂളുകൾ, അങ്കണവാടികൾ എന്നിവക്ക് സെപ്റ്റിക് ടാങ്കും സോക്ക്പിറ്റും സ്ഥാപിക്കൽ<br>പ്രോജക്ട് നം- S0099/25 |
| അടങ്കൽ | ₹26,00,000/-<br>₹16,00,000/-(കേന്ദ്രാവിഷ്കൃത ഫണ്ട് -ശുചിത്വമിഷൻ)<br>₹10,00,000/-(ജില്ലാ പഞ്ചായത്ത് ഫണ്ട് ) |
| ചെലവ് | ₹8,47,739/-<br>₹8,47,739/-- (കേന്ദ്രാവിഷ്കൃത ഫണ്ട് -ശുചിത്വമിഷൻ) |
| കരാറുകാരൻ | സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൌണ്ടേഷൻ, ആലപ്പുഴ |
| എഗ്രിമെന്റ് നമ്പർ- | 11/AE/LID&EW/ VP/2023-24 Dtd 20.12.2023 |
| അളവ് പുസ്തകം | ഇ-എം ബുക്ക്, കമ്പോണന്റ് നമ്പർ- 72654/2023 |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| ചെലവ് | ബിൽ നമ്പർ- 18.06.24- ₹3,71,070 രൂപ ( CC 1st & Part Bill).<br>ബിൽ നമ്പർ- 03.09.24- ₹4,76,669 രൂപ ( CC 2nd & Part Bill). |

ഗ്രാമപഞ്ചായത്തിലെ വിവിധ സർക്കാർ, എയ്ഡഡ് സ്ഥാപനങ്ങളിൽ സെപ്റ്റിക് ടാങ്കും സോക്ക്പിറ്റും സ്ഥാപിക്കുന്നതിനായി തയ്യാറാക്കിയ പ്രോജക്ട് പ്രകാരം ജി.എസ്.ടി ഉൾപ്പെടെ ₹ 27,60,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. പ്രോജക്ട് നിർവ്വഹണത്തിനായി സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൌണ്ടേഷൻ, ആലപ്പുഴ എന്ന സ്ഥാപനത്തെ ഇ-ടെണ്ടർ മുഖേനെ തിരഞ്ഞെടുക്കുകയും സ്ഥാപനം പ്രവൃത്തി ഭാഗികമായി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പാക്കിയതിൽ താഴെ ചേർത്തിട്ടുള്ള അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1) വിവിധ സ്ഥാപനങ്ങളിലായി 11 സെപ്റ്റിക് ടാങ്കുകളും 22 സോക്ക് പിറ്റുകളും സ്ഥാപിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ ഏതെല്ലാം സ്ഥാപനങ്ങളിലായാണ് സ്ഥാപിക്കേണ്ടത് എന്ന വിവരം മുൻകൂറായി തയ്യാറാക്കുകയോ പ്രോജക്ട് ഫയലിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2) 11 സെപ്റ്റിക് ടാങ്കുകൾക്കും 22 സോക്ക് പിറ്റുകൾക്കും ഒരേ അളവ് പ്രകാരമാണ് എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കുകയും നിരക്ക് നിർണ്ണയിച്ച് ടെണ്ടർ നടത്തുകയും എഗ്രിമെന്റ് തയ്യാറാക്കി പ്രവൃത്തി ഏൽപ്പിക്കുകയും ചെയ്തിട്ടുള്ളത്. വിവിധ ഇടങ്ങളിൽ സ്ഥിതിചെയ്യുന്ന സ്ഥാപനങ്ങൾക്ക് പൊതുവായി എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കിയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കിയിട്ടില്ല.

3) പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ഗവ.എച്ച്.എസ്.എസ് വീയപുരം, ഗവ.എൽ.പി.എസ്, പായിപ്പാട്, ഗവ.എൽ.പി.എസ് വെള്ളംകുളങ്ങര എന്നീ മൂന്ന് സ്ഥാപനങ്ങളിൽ മാത്രമാണ് സെപ്റ്റിക് ടാങ്കുകൾ സ്ഥാപിക്കാനായത്. ഏതാനും അംഗൻവാടികളിലും സ്കൂളുകളിലും സോക്ക് പിറ്റ് മാത്രമായും സ്ഥാപിച്ചിട്ടുണ്ട്.

4) സ്ഥലം ലഭ്യമല്ലാത്തതിനാലും വെള്ളക്കെട്ടു മൂലവും മറ്റ് സ്ഥാപനങ്ങളിൽ പ്രോജക്ട് നടപ്പാക്കാൻ സാധിക്കാതെ വരുകയും ₹ 27,60,000/- രൂപയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രോജക്ട് 10 ,00,000/-യിൽ താഴെ ആകെ ചെലവഴിച്ച് അവസാനിപ്പിക്കുകയും ചെയ്യേണ്ട സാഹചര്യമാണ് നിലവിലുള്ളത്.

5) എയ്ഡഡ് സ്കൂളുകളിലും അങ്കണവാടികളും ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ സെപ്റ്റിക് ടാങ്ക് സ്ഥാപിക്കുന്നതിനായി കരാർ സ്ഥാപനം ട്രഞ്ച് ചെയ്തതിന്റെ അളവുകൾ എം ബുക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വെള്ളക്കെട്ടും സ്ഥലപരിമിതിയും മൂലം ഇവിടങ്ങളിലെ പ്രവൃത്തി അപ്രായോഗികമായതിനാൽ നിർത്തിവച്ചതായും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തി നിർവ്വഹിക്കേണ്ട സ്ഥാപനങ്ങൾ ഓരോന്നും പ്രത്യേകമായി പരിശോധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതിന് പകരം പൊതുവായ എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാലാണ് പദ്ധതി നിർവ്വഹണം അപ്രായോഗികമായിട്ടുള്ളത്.

പദ്ധതി നടപ്പാക്കാനുള്ള സ്ഥാപനങ്ങളുടെ വിവരം മുൻകൂട്ടി തയ്യാറാക്കാത്തിനും സ്ഥാപനങ്ങൾ ഓരോന്നും പ്രത്യേകമായി പരിശോധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കാത്തതിനും വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-10/15.07.2025) ലഭ്യമാക്കിയ മറുപടിയിൽ സ്റ്റാൻഡേർഡ് അളവുകൾ പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്നും സൈറ്റ് കണ്ടീഷൻ അനുസരിച്ച് സ്ഥലപരിമിതിയും വെള്ളക്കെട്ടും മൂലം ചിലത് ഒഴിവാക്കേണ്ടിവന്നുവെന്നും സാധ്യമായിടത്തെല്ലാം പ്രവൃത്തി നടത്തിയെന്നും അറിയിച്ചിട്ടുണ്ട്. സ്ഥലപരിമിതി, വെള്ളക്കെട്ടും അനുഭവപ്പെടുന്ന പ്രദേശങ്ങൾ എന്നിവ പ്രാദേശികമായും നേരിട്ടുള്ള സ്ഥലപരിശോധനയിലും അറിയുവാൻ സാധിക്കുന്നതാണ്. ഇവിടങ്ങളിൽ സ്റ്റാൻഡേഡ് അളവുകളല്ലാതെ പ്രാദേശിക സ്വഭാവത്തിനുയോജ്യമായ പ്രവൃത്തികളാണ് നടപ്പാക്കാൻ സാധിക്കുന്നത്. ഇക്കാര്യങ്ങൾ പരിഗണിച്ച് പദ്ധതി നിർവ്വഹണം കൂടുതൽ ഫലപ്രദമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 സമഗ്രശിക്ഷ കേരള (എസ്.എസ്.കെ) വിഹിതം നൽകൽ- പ്രോജക്ട് തയ്യാറാക്കുന്നതിൽ

**മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല**

ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കായി എസ്.എസ്.കെ. ഹരിപ്പാട് ബ്ലോക്ക് പ്രോജക്ട് ഓഫീസർ നൽകിയ എസ്റ്റിമേറ്റിലെ തുകയുടെ ഗ്രാമപഞ്ചായത്തു വിഹിതമായ ₹ 3,40,000/- എസ്.എസ്.കെ. ബ്ലോക്ക് പ്രോജക്ട് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുക പൂർണ്ണമായി വിനിയോഗിച്ചു എന്ന സാക്ഷ്യപത്രമല്ലാതെ ഗ്രാമപഞ്ചായത്തിലെ സ്കൂളുകളുടെ ഏതെല്ലാം ആവശ്യങ്ങൾക്കായാണ് തുക ഉപയോഗിച്ചത് എന്നതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമായിട്ടില്ല. സർക്കാർ പദ്ധതി മാർഗ്ഗരേഖ [സ.ഉ.(കൈ) നം.84/22/തസ്വഭവ., തീയതി 19.01.2022] പ്രകാരം എസ്.എസ്.കെ.യ്ക്ക് സർക്കാർ നിശ്ചയിച്ച തുക നിർബന്ധമായും വകയിരുത്തണമെങ്കിലും പദ്ധതികളുടെ കർമ്മപരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പൂർണ്ണ പങ്കാളിത്തത്തോടെ ആയിരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ പ്രവർത്തനത്തിന്റെ മോണിറ്ററിംഗ് ചുമതലകൾ നിർവ്വഹിക്കുന്നതിൽ തദ്ദേശസ്ഥാപനത്തിലെ വർക്കിംഗ് ഗ്രൂപ്പ്, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ പങ്കുവഹിച്ചതായി രേഖകളൊന്നുമില്ല. പദ്ധതി പൂർത്തീകരണത്തിന് ശേഷം ഓരോ സ്കൂളിലും നടന്ന പ്രവർത്തനങ്ങൾ/പരിപാടികൾ എന്തൊക്കെയാണെന്ന വിവരങ്ങൾ എസ്.എസ്.കെ. പ്രോജക്ട് ഡയറക്ടർ ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനത്തിന് നൽകേണ്ടതുമാണ്. എന്നാൽ അത്തരത്തിലുള്ള പ്രവർത്തനം ഗ്രാമപഞ്ചായത്തിലെ പദ്ധതി നിർവ്വഹണത്തിൽ ഉണ്ടായിട്ടില്ല. ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്കാവശ്യമായ പദ്ധതികൾ എസ്.എസ്.കെ. പദ്ധതിയിലേയ്ക്ക് ഗ്രാമപഞ്ചായത്ത് ശുപാർശ ചെയ്തതിന്റെ രേഖകളൊന്നും തന്നെ ലഭ്യമായിട്ടില്ല. വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് അവസ്ഥാ വിശകലനം നടത്താതെയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകാതെയുമാണ് എസ്.എസ്.കെ ആവശ്യപ്പെട്ട തുക കൈമാറിയിട്ടുള്ളത്. ഈ തുക ഏതെല്ലാം രീതിയിലാണ് പഞ്ചായത്ത് പരിധിയിൽ ഉപയോഗപ്രദമാക്കിയതെന്നുമുള്ള വിവരവും 2024-25 സാമ്പത്തിക വർഷം നൽകിയ തുകയുടെ ഇനം തിരിച്ചുള്ള വിശദമായ വിനിയോഗ വിവരങ്ങളും പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/15.07.2025) ബ്ലോക്ക് പ്രോഗ്രാം ഓഫീസ് വഴി തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട് എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. എസ്.എസ്.കെ. പദ്ധതികളുടെ കർമ്മപരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ്ണ പങ്കാളിത്തത്തോടെ ആക്കുന്നതിനും പദ്ധതി പൂർത്തീകരണത്തിന് ശേഷം ഓരോ സ്കൂളിലും നടന്ന പ്രവർത്തനങ്ങൾ/പരിപാടികൾ എന്തൊക്കെയാണെന്ന വിവരങ്ങൾ എസ്.എസ്.കെ.യിൽ നിന്നും ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-31 ലൈഫ് മിഷൻ -കരാർ കാലാവധി കഴിഞ്ഞും പൂർത്തീയാകാതെ ലൈഫ് ഭവന നിർമ്മാണം

വി.ഇ.ഒ. (പായിപ്പാട് സർക്കിൾ) നിർവ്വഹണം നടത്തിയ പദ്ധതികളുടെ രേഖകളും, ഫയലുകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു. താഴെ പട്ടികകളിൽ പേര് ചേർത്തിട്ടുള്ള ഗുണഭോക്താക്കൾ നാളിതു വരെ വീട് പണി പൂർത്തികരിക്കുകയോ തുടർ തവണകളിലെ പണം കൈപ്പറ്റുകയോ ചെയ്തിട്ടില്ല. കരാർ വെച്ച ശേഷം ആറ് മാസത്തിനകം പണി പൂർത്തിയാക്കണമെന്നിരിക്കെ ഒരു വർഷത്തിന് ശേഷവും പണി പൂർത്തിയാക്കുകയോ, തുടർന്നുള്ള പണം കൈപ്പറ്റുകയോ ചെയ്തിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | S0014/24-25 |
| പദ്ധതിയുടെ പേര് | ലൈഫ് മിഷൻ ഭവന നിർമ്മാണം (ജനറൽ) |
| നിർവ്വഹണം. | വി.ഇ.ഒ. (പായിപ്പാട് സർക്കിൾ) |
| അടങ്കൽ | 2,00,00,000/- |
| ചെലവ് | 90,80,000/- |

| ക്രമ നം. | ഗുണഭക്താവിന്റെ പേര് | കൈപ്പറ്റിയ തുക | കരാർ വെച്ച തീയതി |
|---|---|---|---|
| 1 | ശ്രീ.ബ്രിജേഷ് ഭാസ്കർ | 40,000/- രു. | 11.04.2024 |

| | | | |
|---|---|---|---|
| 2 | ശ്രീമതി സീമ കല്ലേലിൽ ചിറയിൽ | 40,000/- രൂ. | 11.08.2023 |

**ലൈഫ് മിഷൻ ഭവന നിർമ്മാണം (പട്ടികജാതി)**

| | |
|---|---|
| പ്രോജക്ട് നം. | S0028/24-25 |
| പദ്ധതിയുടെ പേര് | ലൈഫ് മിഷൻ ഭവന നിർമ്മാണം (പട്ടികജാതി) |
| നിർവ്വഹണം. | വി.ഇ.ഒ. (പായിപ്പാട് സർക്കിൾ) |
| അടങ്കൽ | 1,20,00,000/- |
| ചെലവ് | 24,30,000/- |

| ക്രമ നം. | ഗുണഭക്താവിന്റെ പേര് | കൈപ്പറ്റിയ തുക | കരാർ വെച്ച തീയതി |
|---|---|---|---|
| 1 | ശ്രീമതി അംബിക, മായാ ഭവനം | 40,000/- രൂ. | 07.03.2023 |
| 2 | ശ്രീ. കൃഷ്ണൻ, വാരിക്കോലിച്ചിറ | 3,00,000/- രൂ. | 31.03.2023 |
| 3 | ശ്രീ. രാജേഷ്, പാളയത്തിൽ, | 40,000/- രൂ. | 31.05.2023 |
| 4 | ശ്രീമതി റീന വിക്രമൻ വാർഡ്-3 | 40,000/- രൂ. | 31.03.2023 |
| 5 | ശ്രീമതി സുമതി, കണ്ണിമേൽചിറയിൽ | 3,60,000/രൂ. | 10.05.2023 |
| 6. | ശ്രീ. സുരേന്ദ്രൻ, ആശാഭവനം | 40,000/- രൂ. | 31.05.2023 |
| 7. | ശ്രീമതി മായാമോൾ, തറയിൽപടീറ്റതിൽ | 40,000/- രൂ. | 06.12.2023 |
| 8. | ശ്രീമതി സുമതി, പാളയത്തിൽവെളി | 40,000/- രൂ. | 26.04.2024 |

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 30/18.07.2025 ന് പണി പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ച് വരികയാണെന്ന് അറിയിച്ചിട്ടുണ്ട്. വിഷയം ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-32 ജില്ലാപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനത്തിൽ മരാമത്ത് പ്രവൃത്തികൾ- അനുമതി തേടാതെ തുക ചെലവഴിച്ചു

ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകൾ പ്രകാരം ഗ്രാമപഞ്ചായത്തിലെ വീയപുരം ഗവ.ഹയർ സെക്കണ്ടറി സ്കൂളിലെ അടിസ്ഥാന സൌകര്യവികസനത്തിനായി തുക ചെലവഴിച്ചിട്ടുണ്ട്. വീയപുരം ഗവ.ഹയർ സെക്കണ്ടറി സ്കൂളിൽ ജൈവമാലിന്യ സംസ്കരണ സംവിധാനം -ഉന്മൂർമുഴി നിർമ്മാണവും (പ്രോജക്ട് നമ്പർ S0094/25) ഗ്രേവാട്ടർ മാനേജ്മെന്റ്- സർക്കാർ സ്ഥാപനങ്ങൾ, ഗവ.സ്കൂളുകൾ, എയ്ഡഡ് സ്കൂളുകൾ, അങ്കണവാടികൾ എന്നിവക്ക് സെപ്റ്റിക് ടാങ്കും സോക്ക്പിറ്റും സ്ഥാപിക്കൽ (പ്രോജക്ട് നമ്പർ S0099/25) പ്രകാരം സെപ്റ്റിക് ടാങ്കും സോക്ക് പിറ്റും എന്നിവയും സ്ഥാപിച്ച് നൽകിയിട്ടുണ്ട്. ഉന്മൂർമുഴി നിർമ്മാണത്തിനായി ഗ്രാമപഞ്ചായത്ത് ₹ 2,25,210 യാണ് ചെലവഴിച്ചത്. സെപ്റ്റിക് ടാങ്കിനും സോക്ക് പിറ്റ് സ്ഥാപിക്കലുമായി മൂന്ന് ലക്ഷം രൂപയോളവും വേറെയും ചെലവ് വന്നിട്ടുണ്ട്. പദ്ധതി ഫയൽ വിവരങ്ങൾ പരിശോധിച്ചതിൽ പ്രോജക്ട് നടപ്പിലാക്കിയ വീയപുരം ഗവ.ഹയർ സെക്കണ്ടറി സ്കൂൾ ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനമാണ്. ഇവിടങ്ങളിൽ ജില്ലാ പഞ്ചായത്തിന്റെ ഫണ്ടിൽ നിന്നാണ് പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തി വരുന്നത്. ഗ്രാമ പഞ്ചായത്തിന്റെ ഫണ്ട് ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണമില്ലാത്ത സ്ഥാപനങ്ങളിൽ ചെലവഴിക്കുന്നത് വഴി ഒരേ പദ്ധതികൾക്കായി വിവിധ തദ്ദേശസ്ഥാപനങ്ങളുടെ ഫണ്ട് ചെലവിടുന്നതിനും പദ്ധതി ഇരട്ടിപ്പിനും കാരണമാകുന്നു. തദ്ദേശ സ്ഥാപനങ്ങൾക്കുള്ള പതിനാലാം പദ്ധതി മാർഗ്ഗരേഖ [സ.ഉ.(കൈ) നം.84/22 /തസ്വഭവ., തീയതി 19.01.2022] ഖണ്ഡിക 8-6-12 പ്രകാരം സർക്കാർ ഹൈസ്കൂളിനോട്, ഹയർ സെക്കണ്ടറി സ്കൂളിനോട് ചേർത്തുള്ള എൽ.പി സ്കൂളിലേയും യു.പി സ്കൂളിലേയും പശ്ചാത്തല വികസന പ്രോജക്ടുകൾ ജില്ലാ പഞ്ചായത്തിന്റെ സമ്മതത്തോടെ മാത്രമാണ് ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾക്ക് നടപ്പാക്കാവുന്നത്. ഈ പദ്ധതികൾ നടപ്പാക്കുന്ന വിവരം സ്ഥാപനങ്ങളുടെ നിയന്ത്രണാധികാരമുള്ള ജില്ലാ പഞ്ചായത്തിനെ അറിയിച്ചതിന്റെ രേഖകളൊന്നും ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല. ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-25/17.07.2025)

ലഭ്യമാക്കിയ മറുപടിയിൽ ജില്ലാ പഞ്ചായത്തിലെ മരാമത്ത് വിഭാഗം ജോലികൾ ഗ്രാമപഞ്ചായത്ത് കൂടി അറിയുമെന്നതിനാൽ ഇരട്ടിപ്പിന് സാധ്യതയില്ലായെന്നും പ്രവൃത്തി നിർവ്വഹിച്ച വിവരം ജില്ലാ പഞ്ചായത്തിനെ അറിയിക്കുമെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി മാത്രം പ്രവൃത്തി നിർവ്വഹിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-33 ഈടാക്കിയ കാലിവീപ്പയുടെ വിലയും ജി.എസ്.ടിയും നിശ്ചിത ഫണ്ടുകളിലേയ്ക്ക് തിരിച്ചടച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ മരാമത്തു വിഭാഗം പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ റോഡ് ടാറിംഗ് നടത്തുന്ന പ്രവർത്തികളിൽ പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. ആയതിനാൽ കരാറുകാരന് ഫൈനൽ ബിൽ തുക നൽകുമ്പോൾ കാലിവീപ്പയുടെ വിലയിനത്തിൽ 238/- രൂപയും 18% ജി.എസ്.ടിയുമുൾപ്പെടെ തിരികെ ഈടാക്കേണ്ടതും ജി.എസ്.ടി തുക പ്രത്യേകം കണക്കാക്കി ജി.എസ്.ടി വകുപ്പിലേക്കും കാലിവീപ്പയുടെ വില ഏത് ഫണ്ടുപയോഗിച്ചാണോ പ്രവൃത്തി നിർവഹിച്ചിട്ടുള്ളത് അതേ ഫണ്ടിലേയ്ക്കും ഒടുക്ക് വരുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്തു പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വില ഈടാക്കി സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലേയ്ക്ക് ഒടുക്കു വരുത്തിയിട്ടുണ്ട്.വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേരും പ്രോജക്ട് നമ്പരും | ഈടാക്കിയ ടാർ വീപ്പയുടെ വില | ഈടാക്കിയ ജി.എസ്.ടി | ഫണ്ട് ഇനം | ആകെ ചെലവ് വിവരം |
|---|---|---|---|---|---|
| 1 | S0151/25-പ്രയാറ്റേരിൽ-മണിയങ്കേരിൽ റോഡ് പുനരുദ്ധാരണം-വാർഡ് 13 | ₹3094/- | ₹557/- | തനത് ഫണ്ട് | ₹10,26,260/- |
| 2 | S0150/25-എസ്.ബി.ടി -ഒറ്റത്തെങ്ങിൽ റോഡ് നവീകരണം, വാർഡ്-5 | ₹3570/- | ₹643/- | മെയിന്റനൻസ് ഗ്രാന്റ്-റോഡ് | ₹9,21,579/- |
| 3 | S0154/25 -അച്ചൻമുക്ക് -പറത്തറ റോഡ് നവീകരണം വാർഡ് -7 | ₹1904/- | ₹343/- | മെയിന്റനൻസ് ഗ്രാന്റ്-റോഡ് | ₹653319 |
| 4 | S0153/25-വെള്ളംകുളങ്ങര-ഇലവന്തറ റോഡ് റീടാറിംഗ്, വാർഡ്-6 | ₹2856/- | ₹514/- | മെയിന്റനൻസ് ഗ്രാന്റ്-റോഡ് | ₹747116/- |
| 5 | S0157/25-പുതുവന-വടക്കേയറ്റത്ത് റോഡ് | ₹2142/- | ₹386/- | മെയിന്റനൻസ് ഗ്രാന്റ്-റോഡ് | ₹520890/- |

| | | | | | |
|---|---|---|---|---|---|
| | നവീകരണം, വാർഡ്-10 | | | | |
| 6 | S0100/25–NSSമന്ദിരം-കൈപ്പള്ളിമുക്ക്-കരിപ്പോലിപ്പാലം റോഡ് പുനരുദ്ധാരണം -വാർഡ്-8 | ₹2142/- | ₹386/- | മെയിന്റനൻസ് ഗ്രാന്റ്-റോഡ് | ₹9,09,354 /- |
| 7 | S0095/25 –മേല്പാടം ചർച്ച് റോഡ് വാർഡ്-4 | ₹1904/- | ₹343/- | മെയിന്റനൻസ് ഗ്രാന്റ്-റോഡ് | ₹5,05,652/- |
| 8 | S0147/24 –മേല്പാടം ചർച്ച് റോഡ് പുനരുദ്ധാരണം -വാർഡ്-4 | ₹1428/- | ₹257/- | തനത് ഫണ്ട് | ₹4,46,367/- |
| | ആകെ | ₹16,898/- | ₹3,043/- | | |

മേൽ തുക ജി.ഒ.(പി) 177/06 ധനം12-04-06 ഉത്തരവ് ഖണ്ഡിക 10.3-ലെ നിർദേശം പാലിച്ച് അതത് ഫണ്ടുകളിലേയ്ക്ക് തിരിച്ചടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണ മെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-24/17.07.2025) ബില്ലുകളിൽ നിന്നും തുക കുറവ് ചെയ്ത് ഗ്രാമപഞ്ചായത്ത് അക്കൌണ്ടിലേക്ക് നൽകിയെന്നും തുടർനടപടികൾ ഗ്രാമപഞ്ചായത്തിൽ നിന്നാണ് സ്വീകരിക്കേണ്ടതെന്നും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ഈടാക്കിയ തുകയിൽ അർഹമായ തുക അതത് ഫണ്ടുകളിലേയ്ക്കും ജി.എസ്.ടി ബന്ധപ്പെട്ട ശീർഷകത്തിലേയ്ക്കും ഒടുക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 1-34 ഫെസ്റ്റിവൽ അഡ്വാൻസ് തുക തിരികെ ലഭ്യമായിട്ടില്ല

ഗ്രാമപഞ്ചായത്തിലെ അഡ്വാൻസ് രജിസ്റ്റർ പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 31.03.2025-ൽ 7,000/- രൂപയുടെ മുൻകൂർ തുക ക്രമീകരിക്കുവാനുള്ളതായി കാണുന്നു. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21 തീ.17.07.2025) ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കി. മറുപടിയിൽ ഗ്രാമപഞ്ചായത്തിൽ നിന്നും 2023-24 വർഷം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ നല്കിയ തുകയിൽ 4,000/- രൂപ ഇനിയും തിരികെ ലഭ്യമാകാനുണ്ടെന്നും അഡ്വാൻസ് കൈപ്പറ്റിയ ജീവനക്കാരൻ ചിങ്ങോലി ഗ്രാമപഞ്ചായത്തിലേക്ക് സ്ഥാലം മാറിപ്പോയിയെന്നും അറിയിച്ചു.

കൂടാതെ ഗ്രാമപഞ്ചായത്തിൽ നിന്നും 11/2024 ൽ സ്ഥലംമാറ്റം ലഭിച്ച ജീവനക്കാരി ശ്രീമതി അനിതയുടെ 12,000/- രൂപ 31.3.2025 നുശേഷം തിരികെ ലഭിച്ചിട്ടുള്ളതായും നിലവിലെ ജീവനക്കാരനായ ശ്രീ. അനീഷ് തിരികെ അടവാക്കിയിട്ടുള്ള ഫെസ്റ്റിവൽ അഡ്വാൻസ് തുക 9,000/- രൂപ ഹരിപ്പാട് നഗരസഭയ്ക്ക് നല്കാനുള്ളതായും അറിയിച്ചു. മേൽ തുകകൾ തമ്മിലുള്ള വ്യത്യാസമാണ് മേൽ 7,000/- രൂപയെന്ന് (12000+4000-9000)വ്യക്തമാക്കി.

ചിങ്ങോലി ഗ്രാമപഞ്ചായത്തിൽ നിന്നും തുക തിരികെ ലഭ്യമാക്കുന്നതിനും ഹരിപ്പാട് നഗരസഭയിലേക്കുള്ള തുക അടവാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-35 തെറ്റായി ലഭ്യമായ തുക തിരികെ നല്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ആബട്ട് ഗ്രിഗറി സ്കൂളിൽ നിന്നും അദർ ഡെപ്പോസിറ്റ് എന്നയിനത്തിൽ 8,100/- രൂപ ലഭിച്ചിട്ടുള്ളതായി കാണുന്നു. 340109901- Other Deposits

എന്ന ശീർഷകത്തിന്റെ ലെഡ്ജർ പരിശോധിച്ചതിൽ EXCESS UPI ABOT GREGORY എന്ന് നറേഷൻ രേഖപ്പെടുത്തി 31.3.2025-ൽ 8,100/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. തൊഴിൽ നികുതി ഇനത്തിൽ സ്ഥാപനം അറിയാതെ രണ്ടുതവണ ഇ-പേയ്മെന്റ് നടത്തിയതു മൂലമാണ് ഇപ്രകാരം തുക ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുള്ളതെന്ന് ഗ്രാമ പഞ്ചായത്തിൽ നിന്നും അറിയിച്ചു. തുടർന്ന് 450210101-Nationalised Bank Account Of Own Revenue Fund എന്ന ബാങ്ക് ബുക്ക് പരിശോധിച്ചതിൽ 01.03.2025-ൽ (വൗച്ചർ നം.1240000239) തൊഴിൽ നികുതിയിനത്തിലും, 31.03.2025-ൽ (വൗച്ചർ നം.1240000239) അദർ ഡെപ്പോസിറ്റ് എന്ന ശീർഷകത്തിലും 8,100/-രൂപ വരവ് രേഖപ്പെടുത്തിയതായി ബോധ്യപ്പെട്ടു. തുക തിരികെ നല്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ അറിയിക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21/17.7.2025) ലഭ്യമാക്കിയ മറുപടിയിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് തുക നല്കുന്നതാണെന്ന് അറിയിച്ചു. ഈ വിവരം സ്ഥാപനത്തെ അറിയിച്ച് തുക തിരികെ നല്കി വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-36 വെള്ളക്കരം കുടിശികയും ഫൈനും വർദ്ധിക്കുന്നു

വീയപുരം ഗ്രാമ പഞ്ചായത്തിന്റെ 2024 മാർച്ച് മാസത്തെ വെള്ളക്കരം കുടിശ്ശിക 34,06,199/-രൂപയായിരുന്നു. 2025 മാർച്ച് മാസത്തെ ബിൽ പ്രകാരം (ബിൽ നം.94802 തീ.07.04.2025) കുടിശിക 83,01,307/-രൂപയായി വർദ്ധിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് വെള്ളക്കരം ഇനത്തിൽ 2023 ജൂലൈ മാസത്തിന് ശേഷം പണം ഒന്നും വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 2023-24 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-16-ൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഫൈൻ ഇനത്തിൽ ഓരോമാസവും ഒന്നരലക്ഷം രൂപയ്ക്ക് മുകളിലാണ് ബാദ്ധ്യത വർദ്ധിക്കുന്നത്. തൻവർഷം ഉണ്ടായ 48,95,108/-രൂപയുടെ ബാധ്യതയിൽ 15,75,656/-രൂപയും ഫൈൻ ഇനത്തിലുള്ളതാണ്. ദൈനംദിന ചെലവുകൾക്ക് പോലും പണം കണ്ടെത്താൻ ബുദ്ധിമുട്ടുന്ന പഞ്ചായത്തിന്റെ സാമ്പത്തികാവസ്ഥയെ പ്രതികൂലമായി ബാധിക്കുന്ന തരത്തിൽ വെള്ളക്കര കുടിശികയും, ഫൈനും പെരുകിക്കൊണ്ടിരിക്കുന്നു. ആയത് സർക്കാരിന്റെ ഉൾപ്പെടെ ശ്രദ്ധയിൽപ്പെടുത്തി എത്രയും വേഗം പരിഹാരം കണ്ടെത്തേണ്ടതാണ്. ജൽജീവൻ മിഷൻ ഉൾപ്പെടെയുള്ള പദ്ധതികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ഉപയോഗ ശൂന്യമാകുന്ന പൊതു ടാപ്പുകൾ വിച്ഛേദിച്ച് വാട്ടർ ചാർജ്ജ് ഡിമാന്റ് തുകയിൽ കുറവുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-37 ഹെൽത്ത് ഗ്രാന്റ് - അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത ഹെൽത്ത് ഗ്രാന്റ് ഗ്രാമ പഞ്ചായത്തിൽ ലഭിച്ചതിന്റെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗ്രാന്റ്/സ്കീമിന്റെ പേര് | ലഭിച്ചഗ്രാന്റ് | ചെലവ് | ബാക്കി | ചെലവ് ശതമാനം |
|---|---|---|---|---|---|
| 2021-22 | (സ്കീം 3) രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 1,79,875 | 1,79,875 | 0 | 100% |
| 2021-22 | (സ്കീം 4) ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ | 55,000 | 55,000 | 0 | 100% |
| 2022-23 | (സ്കീം 3) രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 6,26,000 | 6,26,000 | 0 | 100% |
| 2022-23 | (സ്കീം 4) ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ | 2,81,000 | 2,81,000 | 0 | 100% |
| 2023-24 | (സ്കീം 3) രോഗനിർണ്ണയ സൗകര്യങ്ങൾ | 2,61,000 | 2,61,000 | 0 | 100% |

| | | | | | |
|---|---|---|---|---|---|
| | ഏർപ്പെടുത്തൽ | | | | |
| 2023-24 | (സ്കീം 4) ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ | 4,47,000 | 4,47,000 | 0 | 100% |

സ്കീം-3 രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, സ്കീം-4 കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ എന്നിവയിലാണ് പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുള്ളത്. 2023-24 ലെ ഫണ്ട് ലഭിച്ചത് 2025 മാർച്ച് മാസത്തിൽ ആയതിനാലാണ് 2024-25 വർഷം ഫണ്ട് ചെലവഴിയ്ക്കാൻ കഴിയാതിരുന്നത്.

ഹെൽത്ത് ഗ്രാന്റ് തുക ഉപയോഗിച്ച് നാളിതുവരെ നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയിട്ടില്ല.

**ഹെൽത്ത് ഗ്രാന്റ് വിനിയോഗത്തിനായി തദ്ദേശസ്ഥാപനം ഏറ്റെടുത്ത് നടപ്പാക്കിയ പ്രവൃത്തികളുടെ വിവരം**

| വർഷം | പ്രോജക്ട്നം./പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 2021-22 | 109/23 ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 1,79,875 | 1,79,875 |
| | 110/23 ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ | 55,000 | 55,000 |
| 2022-23 | 118/24 ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 6,26,000 | 6,26,000 |
| 2022-23 | 119/23 ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ | 2,81,000 | 2,81,000 |

ഹെൽത്ത് ഗ്രാന്റ് വരവ് ചെലവുകൾ ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് വാങ്ങിയ ഉപകരണങ്ങൾ,ചെലവഴിച്ച തുക എന്നിവയുടെ വിവരങ്ങൾ**

| വർഷം | ഉപകരണങ്ങൾ | ചെലവഴിച്ച തുക |
|---|---|---|
| 2022-23 | ഇസിജി മെഷീൻ | 49,990/- |
| 2022-23 | ഫ്രിഡ്ജ് | 22,600/- |
| 2022-23 | സ്റ്റീൽ കാബിനറ്റ് & കമ്പ്യൂട്ടർ ചെയർ | 99,277/- |
| 2023-24 | വാഷിംഗ് മെഷീൻ | 10,000/- |
| 2023-24 | എൽഇഡി എക്സാമിനേഷൻ ലൈറ്റ് | 12,322/- |
| 2023-24 | ബിപി അപ്പാരറ്റസ് & വേയിംഗ് മിഷ്യൻ | 21,597/- |

**ഗ്രാമപഞ്ചായത്തിൽ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ പുരോഗതി, ഫലപ്രാപ്തി എന്നിവ.**

2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ സ്കീം-3, സ്കീം-4 എന്നീ ഇനങ്ങളിലാണ് തുക ലഭ്യമായത്. ലഭ്യമായ തുകയുടെ 100% ചെലവഴിച്ചിട്ടുണ്ട്. ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങിയത് ജീവനക്കാരുടെ ജോലി സുഗമമാക്കാൻ സഹായിച്ചിട്ടുണ്ടെന്നും അതുപോലെ തന്നെ ലാബ് റീ ഏജന്റ്, ടെസ്റ്റ് കിറ്റ്, അനുബന്ധ സാധന സാമഗ്രികൾ എന്നിവ ലഭ്യമാക്കിയതിലൂടെ മെച്ചപ്പെട്ട രോഗനിർണ്ണയ സൗകര്യം രോഗികൾക്ക് നൽകുന്നതിന് സഹായകമായിട്ടുണ്ട്.

**ശിപാർശകൾ**

എഫ്.സി.എച്ച്.സിയുടെ കീഴിൽ ആകെ രണ്ട് സബ്സെന്ററുകൾ മാത്രമാണ് പ്രവർത്തിയ്ക്കുന്നത്. ഇവയിൽ ഒരെണ്ണം വാടക കെട്ടിടത്തിലും, മറ്റൊന്ന് എഫ്.സി.എച്ച്.സി. യുടെ കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. അനുയോജ്യമായ സ്ഥലം കണ്ടെത്തി സബ്സെന്ററുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഗ്രാന്റ് ഉപയോഗപ്പെടുത്താവുന്നതാണ്. അതുവഴി കൂടുതൽ രോഗനിർണ്ണയ

സംവിധാനങ്ങൾ ഏർപ്പെടുത്തി ചികിത്സ മെച്ചപ്പെടുത്താവുന്നതാണ്.

ഹെൽത്ത് ഗ്രാന്റ് കാര്യക്ഷമമായി വിനിയോഗിച്ച് മികച്ച ആരോഗ്യപരിപാലന സംവിധാനങ്ങൾ സൃഷ്ടിക്കുന്നതിനും, അതുവഴി ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്ക് മെച്ചപ്പെട്ട രോഗ നിർണ്ണയ/ആരോഗ്യ പരിപാലന സംവിധാനങ്ങൾ ലഭ്യമാക്കുന്നതിന് ഊർജ്ജിതമായ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ ഫണ്ട് ലഭിക്കുന്ന സാഹചര്യങ്ങളിൽ, അടുത്ത സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ പ്രോജക്ടുകൾ ആവിഷ്കരിച്ച് സമയബന്ധിതമായി ഫണ്ട് വിനിയോഗം നടത്തുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-38 ജൽജീവൻ പദ്ധതി- അവലോകനം

പഞ്ചായത്തിലെ നൂറ് ശതമാനം ഗ്രാമീണ ഭവനങ്ങളിലും ഗാർഹിക കുടിവെള്ള കണക്ഷൻ എത്തിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ പദ്ധതി. വീടുകളിലേക്ക് ടാപ്പുകൾ വഴി കുടിവെള്ള കണക്ഷൻ എത്തിക്കുന്നത് കൂടാതെ ഓരോ വീടിനും ആവശ്യമായ കുടിവെള്ളം നിർദ്ദിഷ്ട ഗുണനിലവാരത്തിൽ മുടങ്ങാതെ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്.

കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ എല്ലാ വീടുകളിലും 2024നുള്ളിൽ പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷനുകൾ ലഭ്യമാക്കുക, വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യകേന്ദ്രങ്ങൾ, പൊതുകെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ കുടിവെള്ള ടാപ്പുകൾ നൽകുക തുടങ്ങിയവയാണ് കേരളത്തിലെ ജൽജീവൻ മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ. കേരളത്തിൽ വാട്ടർ അതോറിറ്റി നടപ്പാക്കുന്ന ജലജീവൻ പദ്ധതിയിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വിഹിതം 15% ഉം, ഗുണഭോക്തൃ വിഹിതം 10% ഉം ആണ്.

ഗ്രാമപഞ്ചായത്തിൽ ജൽജീവൻ പദ്ധതിയുടെ ഭാഗമായി കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് 2020-21 വർഷം S0187/21 നമ്പരായി ജലജീവൻ മിഷൻ, കുടിവെള്ള കണക്ഷൻ ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ എന്ന പദ്ധതി രൂപീകരിച്ചതിന്റെ അടിസ്ഥാനത്തിൽ, 19,530/- രൂപ അടങ്കൽ നിശ്ചയിച്ച് ചെലവഴിച്ചതിന്റെ ഭാഗമായി 100 ഗുണഭോക്താക്കൾക്ക് കുടിവെള്ള കണക്ഷൻ നൽകുവാൻ സാധിച്ചിട്ടുണ്ട് എന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

പിന്നീടുള്ള വർഷങ്ങളിൽ, ഗാർഹിക കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള ജൽജീവൻ പദ്ധതി നടപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതായിരുന്നുവെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

എല്ലാ ഗ്രാമീണ കുടുംബങ്ങൾക്കും പൊതുസ്ഥാപനങ്ങൾക്കും ദീർഘ കാലാടിസ്ഥാനത്തിൽ ശുദ്ധജല സുരക്ഷയും, കുടിവെള്ള ലഭ്യതയും ഉറപ്പാക്കുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് ഇനിയും ഏറെ ദൂരം മുൻപോട്ട് പോകേണ്ടതുണ്ട്. അതിനാവശ്യമായ സത്വര നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 മെഡിസെപ്പ്

1) മെഡിസെപ്പ് പ്രീമിയം ഒടുക്ക് – റഗുലർ ജീവനക്കാർ

| ഓഡിറ്റ് വർഷത്തെ ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയമിനത്തിൽ ഈടാക്കിയ തുക | മെഡിസെപ്പ് പ്രീമിയമിനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 9 | 54,000/- | 54,000/- | ഇല്ല | - |

2) മെഡിസെപ്പ് പ്രീമിയം ഒടുക്ക് – (1.4.24 മുതൽ 30.6.24 വരെ സർവ്വീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാർ

ഇല്ല

3) മെഡിസെപ്പ് പ്രീമിയം ഒടുക്ക് – (1.7.24 ൽ സർവ്വീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാർ

ഇല്ല

4) മെഡിസെപ്പ് പ്രീമിയം ഒടുക്ക് – (1.8.24 മുതൽ 31.3.25 വരെ സർവ്വീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാർ

ഇല്ല

## 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 1,67,742 | S0004/25പാലിന് ഇൻസെന്റീവ് | 1,67,742 | 0 |
| | 2024-25 | 24,714 | S0006/25പാലിന് ഇൻസെന്റീവ്-എസ്.സി.വിഭാഗം | 24,714 | 0 |
| | 2024-25 | 9,30,000 | S0014/25 ലൈഫ് ഭവന പദ്ധതി ഭവന നിർമാണം | 9,30,000 | 0 |
| | 2024-25 | 1,20,000 | S0020/25 അഗതി ആശ്രയ പദ്ധതിയ്ക്ക് വിഹിതം നല്കൽ | 1,20,000 | 0 |
| | 2024-25 | 1,70,000 | S0027/25 പാലിയേറ്റീവ് കെയർ | 1,70,000 | 0 |
| | 2024-25 | 2,20,000 | S0028/25 ലൈഫ് ഭവന പദ്ധതി ഭവന നിർമാണം എസ്.സി വിഭാഗം | 2,20,000 | 0 |
| | 2024-25 | 75,000 | S0070/25 ശാരിരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 75,000 | 0 |
| | 2024-25 | 1,00,000 | S0142/25 അതി | 1,00,000 | 0 |

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | | | ദാരിദ്ര്യർക്ക് ഭവന നിർമാണം എസ്.സി | | |
| ആകെ | | 18,07,456 | | 18,07,456 | |
| ജില്ലാ പഞ്ചായത്ത് | 2024-25 | 50,000 | S0004/25പാലിന് ഇൻസെന്റീവ് | 50,000 | 0 |
| | 2024-25 | 11,00,000 | S0014/25 ലൈഫ് ഭവന പദ്ധതി ഭവന നിർമാണം | 11,00,000 | 0 |
| | 2024-25 | 2,00,000 | S0020/25 അഗതി ആശ്രയ പദ്ധതിയ്ക്ക് വിഹിതം നല്കൽ | 2,00,000 | 0 |
| | 2024-25 | 2,90,000 | S0028/25 ലൈഫ് ഭവന പദ്ധതി ഭവന നിർമാണം | 2,90,000 | 0 |
| | 2024-25 | 17,47,500 | S0064/25 സുഭിക്ഷ കേരളം നെൽകൃഷി വികസനം നെൽവിത്ത് വിതരണവും കൂലിച്ചെലവ് വിതരണവും-ജനറൽ | 17,47,500 | 0 |
| | 2024-25 | 1,00,000 | S0068/25 അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി | 1,00,000 | 0 |
| | 2024-25 | 25,000 | S0070/25 ശാരിരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 25,000 | 0 |
| | 2024-25 | 1,92,520 | S0117/25 എം.സി.എഫ് വൈദ്യുതീകരണം അഗ്നിരക്ഷ സുരക്ഷ ഉപകരണങ്ങൾ സ്ഥാപിക്കൽ | 1,92,520 | 0 |
| | 2024-25 | 45,000 | S0170/25 സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി | 45,000 | 0 |
| ആകെ | | 37,50,020 | | 37,50,020 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ | പ്രവൃത്തിയുടെ | ബിൽ നം./ | മുൻകൂർ | ചെലവഴിച്ച | ചെലവഴി |
|---|---|---|---|---|---|

| ഏജൻസി | പ്രോജക്ട് നം., പേര് | വൗച്ചർ നമ്പർ/ ചെക്ക്നം./ തീയതി | നൽകിയ തുക (രൂപ) | തുക (രൂപ) | ക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | 1.ട്രാൻസാക്ഷൻ ഐ.ഡി-S65278752 തീയതി 18.02.2025-₹3,21,000/- 2.ട്രാൻസാക്ഷൻ ഐ.ഡി-S1265755 തീയതി 28.02.2025-₹3,28,000/- | ₹6,49,000/- | ₹3,28,000/- | ₹3,21,000/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷ വരവ് | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഹഡ്കോ വായ്പ | ലഭ്യമല്ല | 1,64,24,524 | 72,85,712 | 2,37,10,236 | 20,30,326 | 0 | 2,16,79,910 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1,00,63,341 |
| തൻവർഷം നിക്ഷേപിച്ച തുക | 8,22,683 |
| ആകെ | 1,08,86,024 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 54,29,247 |
| *വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം* | 54,56,777 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം. | സ്ഥാപനത്തിന്റെ പേര്(ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കാനറ ബാങ്ക് | 24.09.2024 | 444 ദിവസം | 54,56,777 | അക്കൗണ്ട് നം.140182394003/1 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2-3 | 2016-17 | 2-3 | തൊഴിൽ നികുതി ഈടാക്കിയത് അപാകത | മറുപടി സമർപ്പിച്ചു |
| 2019-20 | 1-17 | 2021-22 | ഭാഗം-1 പൊതുപരാമർശം അനുബന്ധം-1 പട്ടിക-2 ക്രമ നം.3 | വസ്തു നികുതി നിർണയം | ലഭ്യമല്ല |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹3,90,06,135/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹3,24,31,566/- |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | Rs.10,21,829/- |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | ക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | ₹1,29,195 | ശ്രീമതി അജിത വി., ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-18 | ₹24,134 | ശ്രീമതി സിന്ധു ബാലകൃഷ്ണൻ, സെക്രട്ടറി |
| 1-19 | ₹3,21,000 | ശ്രീമതി സിന്ധു ബാലകൃഷ്ണൻ, സെക്രട്ടറി |
| 1-20 | ₹3,00,000 | ശ്രീമതി അജിത വി., ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-21 | ₹2,25,000 | ഡോ.മോൾ എലിസബത്ത് തോമസ്, മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 1-24 | ₹22,500 | ഡോ. ധന്യ ആർ. തങ്കം മെഡിക്കൽ ഓഫീസർ, (എഫ്എച്ച്സി) |
| ആകെ | ₹10,21,829 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

| നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 5,010 | ശ്രീ.ശരത് ബാബു ആർ., വി.ഇ.ഒ. |
| 1-23 | 2,834/- | ശ്രീമതി ശ്രീലത കെ.,<br>ഹെഡ് മിസ്ട്രസ്, ഗവ.എൽ.പി.എസ്., പായിപ്പാട് |
| ആകെ | 7,844 | |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായ വരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സിന്ധു ബാലകൃഷ്ണൻ<br>സെക്രട്ടറി | സെക്രട്ടറി,<br>വീയപുരം<br>ഗ്രാമപഞ്ചായത്ത് | കൊച്ചാലുംമൂട്ടീൽ,<br>ചിങ്ങോലി പി.ഒ.,<br>മുതുകുളം, ആലപ്പുഴ |
| ശരത് ബാബു ആർ.,<br>വില്ലേജ് എക്സ്റ്റൻഷൻ<br>ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ<br>ഓഫീസർ, വീയപുരം | കാർത്തിക, കരൂർ,<br>അമ്പലപ്പുഴ, ആലപ്പുഴ |
| ഡോ.മോൾ<br>എലിസബത്ത് തോമസ്,<br>മെഡിക്കൽ ഓഫീസർ,<br>ആയുർവേദം | ഗവ. ആയുർവ്വേദ<br>ഡിസ്പെൻസറി,<br>വീയപുരം | കൂടാരത്തിൽ ഹൌസ്,<br>മേൽപ്പാടം പി.ഒ.,<br>മാന്നാർ, ആലപ്പുഴ |
| അജിത വി.,<br>ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ | ഐ.സി.ഡി.എസ്<br>ഓഫീസ്,<br>കാർത്തികപ്പള്ളി | ശ്രീരാഗം, പാലമുക്ക്,<br>കണ്ണനല്ലൂർ, കൊല്ലം |
| ഷീജ എൻ.,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>LID & EW, വീയപുരം | കാരത്ര, തോട്ടപ്പള്ളി,<br>ആലപ്പുഴ |
| ശ്രീലത കെ.,<br>ഹെഡ് മിസ്ട്രസ്,<br>ഗവ.എൽ.പി.എസ്. | വിരമിച്ചു | നന്ദനം, ആയാപറമ്പ്,<br>ചെറുതന പി.ഒ., ആലപ്പുഴ |
| ഡോ. ധന്യ ആർ. തങ്കം<br>മെഡിക്കൽ ഓഫീസർ,<br>(എഫ്എച്ച്സി) | മെഡിക്കൽ ഓഫീസർ,<br>(എഫ്എച്ച്സി) | കാർത്തിക,<br>ചേരാവള്ളി, കായംകുളം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2006-07 | കെ.എസ്.എ-എ.എൽ.പി-പി10-1310/2022 തീയതി 02.05.2023 |
| 2007-08 | കെ.എസ്.എ-എ.എൽ.പി-പി10-1310/2022 തീയതി 02.05.2023 |

| | |
|---|---|
| 2008-09 | എൽ.എഫ്.എ.പി 10-662/12 തീയതി 20.9.2012 |
| 2009-10 | കെ.എസ്.എ-എ.എൽ.പി-പി10-1310/2022 തീയതി 02.05.2023 |
| 2010-11 | എൽ.എഫ്.എ.പി 10-633/12 തീയതി 20.09.2012 |
| 2011-12, 2012-13 | കെ.എസ്.എ-എ.എൽ.പി-പി10-1310/2022 തീയതി 02.05.2023 |
| 2013-14, 2014-15 | കെ.എസ്.എ-എ.എൽ.പി-പി10-1310/2022 തീയതി 02.05.2023 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി10-1310/2022 തീയതി 02.05.2023 |
| 2016-17 | കെ.എസ്.എ-എ.എൽ.പി-പി10-609/17 തീയതി 02.06.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി-പി10-1310/2022 തീയതി 02.05.2023 |
| 2018-19 | കെ.എസ്.എ-എ.എൽ.പി-പി10-1310/2022 തീയതി 02.05.2023 |
| 2019-20 | കെ.എസ്.എ-എ.എൽ.പി-പി10-350/2021തീയതി 08.04.2021 |
| 2020-21 | കെ.എസ്.എ-എ.എൽ.പി-പി10-588/2022 തീയതി 03.07.2022 |
| 2021-22 | കെ.എസ്.എ-എ.എൽ.പി-പി10-1508/2022 തീയതി 25.01.2023 |
| 2022-23 | കെ.എസ്.എ-എ.എൽ.പി-പി10-1378/2023 തീയതി 20.12.2023 |
| 2023-24 | കെ.എസ്.എ-എ.എൽ.പി-പി10-805/2024 തീയതി 07.10.2024 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

# Annexure-1
# Audit Certificate

i. I have audited the attached Financial statements approved vide resolution number VI(1) dated VI(1) dated 16-06-2025 and submitted on 19-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Veeyapuram Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Veeyapuram Grama Panchayat as on 31-03-2025

Date: 25/09/2025 Deputy Director

Kerala State Audit Department

## Audit Report appended to the Audit Certificate of Veeyapuram Grama Panchayat for the Year 2024-2025.

### 1.Major Observations

Nil

### 2.Other Observations

1.The following mandatory financial statements are not submitted for audit

a).Ratios

b).Notes to accounts

2.Cash Flow Statement- Net increase/decrease does not match with difference between opening balance & closing balance

3.Balance shown in the bank reconciliation statement does not tally with bank passbook.

4.Lapses making in timely demand entry.

5.Liability in respect of Employer liability Pension contribution of previous years being unadjusted.

6.DCB not recorded in tax and non-tax revenue registers except Property tax.

Deputy Director

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ വീയപുരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്